വാമകേശ്വരീമതം

വാമകേശ്വരതന്ത്രത്തിന് മൂന്നുഭാഗങ്ങളുണ്ട്.1. വാമകേശ്വരിമതം. 2. നിത്യാഷോഡശികാർണ്ണവം 3. യോഗിനീഹൃദയം. ശ്രീവിദ്യാഉപാസനയുടെ സർവ്വോത്തമമായ ഗ്രന്ഥമെന്ന് പ്രസിദ്ധമാണ് വാമകേശ്വരതന്ത്രം. അനേകം തന്ത്രഗ്രന്ഥങ്ങൾ ഈ ഗ്രന്ഥത്തെ ഉദ്ധരിച്ചിട്ടുണ്ട്. ശങ്കരാചാര്യരുടെ സൌന്ദര്യലഹരിയുടെ വ്യാഖ്യാതാവായ ലക്ഷ്മീധരൻ പൂർവ്വകാലത്ത് ഉണ്ടായിരുന്ന 64 തന്ത്രങ്ങൾക്കു ശേഷമുള്ള മഹത്വപൂർണ്ണമായ തന്ത്രഗ്രന്ഥമാണ് ഇതെന്ന് കരുതുന്നു. ലക്ഷ്മീധരൻ വൈഷ്ണവനായിരുന്നതിനാൽ, വിഷ്ണുക്രാന്തയിലെ 64 തന്ത്രങ്ങൾക്കുശേഷം ഇതിന് പ്രാധാന്യം കല്പിച്ചുവരുന്നു.

വാമകമെന്നാൽ വാമമാർഗ്ഗം. ഈശ്വരി ദേവി. വാമമാർഗ്ഗപ്രധാനമായ കൌല മാർഗ്ഗഗ്രന്ഥമാണ് വാമകേശ്വരീമതം. വാമ എന്നാൽ സുന്ദരി,ത്രിപുരസുന്ദരി. ശ്രീവിദ്യാലലിതാമഹാത്രിപുരസുന്ദരിയെ വാമകേശ്വരിയെന്ന് വിളിക്കുന്നു. സൃഷ്ടിസ്ഥിതിലയകാരിണിയായ അവളുടെ മതം വാമകേശ്വരീമതം. അവൾ പ്രകടമാവുന്നത് ശ്രീചക്രരൂപത്തിലാണ്. ശ്രീചക്രം കാലചക്രരൂപമാണ്. ഇതിന്റെ ആന്തരികോപാസനക്കാണ് ബാഹ്യാരാധനയേക്കാളും ശക്തിയുള്ളത്.ഈ ഗ്രന്ഥത്തിൽ ഭാഷാശൈലിയില് പ്രതീകങ്ങളും സങ്കേതശബ്ദങ്ങളും ധാരാളം പ്രയോഗിച്ചിരിക്കയാൽ ദുർഗ്രഹമെന്ന് തോന്നാം. മന്ത്ര,യന്ത്രാദികളുടെ ഉദ്ധാരണത്തിൽ പ്രത്യേകാക്ഷരങ്ങളുടെ സാങ്കേതികശബ്ദപ്രയോഗമുണ്ട്.ഈ ബീജാക്ഷരങ്ങളാല്, പൂജനയന്ത്രങ്ങളും മന്ത്രങ്ങളും നിർമ്മിച്ചിരിക്കുന്നു. ആദ്യപടലത്തിൽ അഷ്ടമാതൃകകൾക്കുവേണ്ടി പ്രതീകങ്ങളുപയോഗിച്ചത് കാണാം. നാലാംപടലത്തിൽ 45-46 ശ്ലോകങ്ങളില് കാമവർണ്ണനമാണ്. എന്നാലിത് വാസ്തവത്തിൽ കാമദേവന്റെ പഞ്ചബീജങ്ങളുടെ വർണ്ണനമാണ്. ഹ്രീം, ക്ലീം,ഐം,ബ്ലൂം,സ്ത്രീം ഇവയുടെ യന്ത്രനിർമ്മാണത്തേയും ശ്ലോകത്തില് വർണ്ണിച്ചിരിക്കുന്നു. ഇത്തരം സങ്കേതങ്ങളിലൂടെ ഗുരു ദീക്ഷിതരായ ശിഷ്യരോട് സംവദിക്കുന്നു. പല കൌലപ്രതീകങ്ങളുടേയും അർത്ഥം പ്രത്യക്ഷഅർത്ഥത്തിൽനിന്ന് ഭിന്നമാണ്. സാധാരണക്കാർക്ക് ഗ്രഹിക്കാനാണ് ഇത്തരം കൂടസങ്കേതശബ്ദങ്ങള് പ്രയോഗിക്കുന്നത്.

ഇവിടെ രണ്ടാമത്തെ പടലം മൊഴിമാറ്റം ചെയ്തിട്ടില്ല. കാരണം, അത് വശീകരണത്തിനുള്ള പ്രയോഗങ്ങളാണ്. തന്ത്രത്തിന്റെ അന്തഃസത്ത ഇത്തരം പ്രയോഗങ്ങളാണ് നശിപ്പിച്ചത്. കാലാനുസൃതമായി അത്തരം നിഷിദ്ധകർമ്മങ്ങളെ തിരസ്കരിക്കാനും നമ്മൾ പഠിച്ചേ തീരൂ.

പടലം 1.

1. ഗണേശഗ്രഹനക്ഷത്രയോഗിനീരാശിരൂപിണീം
ദേവീംമന്ത്രമയീം നൌമി മാതൃകാം പീഠരൂപിണീം
ഗണേശരൂപിണിയും ഗ്രഹരൂപിണിയും നക്ഷത്രരൂപിണിയും യോഗിനീ രൂപിണിയും രാശിരൂപിണിയും മാതൃകാരൂപിണിയും പീഠരൂപിണിയുമായ മന്ത്രമയിയായ ദേവിയെ നമിച്ചുകൊണ്ടാണ് ഗ്രന്ഥാരംഭം. 1 തൊട്ട് 12 വരെയുള്ള ശ്ലോകങ്ങൾ സർവ്വസിദ്ധികൃതസ്തോത്രങ്ങള് എന്നറിയുന്നു.ദേവം ഭൂത്വാ ദേവം യജത (സ്വയം ഈശ്വരനായി ഭവിച്ച് ഈശ്വരനെ യജിക്കുക)എന്നതനുസരിച്ച് വിവിധന്യാസജാലങ്ങളിലൂടെ മനുഷ്യന് ദേവതന്മയത ലഭിക്കുന്നു.ഈ ന്യാസങ്ങളിൽവെച്ച് ശ്രേഷ്ഠമാണ് ഷോഡാന്യാസം. ആറുവിധത്തിലുള്ള ന്യാസത്തിൽ, ദേവിയെ സാധകശരീരത്തിൽ ഗണേശൻ,ഗ്രഹങ്ങള്,നക്ഷത്രങ്ങൾ,യോഗിനിമാർ,രാശികൾ,മാതൃകാപീഠരൂപിണികൾ ഇപ്രകാരം ഭാവന ചെയ്യുന്നു. സർവ്വസിദ്ധിയും ശീഘ്രം ലഭിക്കാനാണിത്. 51 ഗണേശരൂപങ്ങളുടെ ന്യാസം സ്വശരീരത്തിലെ അംഗങ്ങളില്

51 ഗണേശരൂപങ്ങൾ

1.വിഘ്നരാജൻ
2.വിനായകൻ
3.ശിവോത്തമൻ
4.വിഘ്നഹരൻ
5.വിഘ്നകർത്താ
6.വിഘ്നേശ്വര
7.ഗണനായകൻ
8.ഏകദന്തൻ
9.ദ്വിദന്തൻ
10 ഗജവക്ത്രൻ
11.നിരഞ്ജനൻ
12.കപർദ്ദഭൃതൻ
13.ദീർഘമുഖൻ
14.ശങ്കുകർണ്ണൻ
15.വൃഷധ്വജൻ
16.ഗണനാഥൻ
17.ഗജേന്ദ്രൻ
18.ശൂർപ്പകർണ്ണൻ
19.ത്രിലോചനൻ.
20.ലംബോദരൻ
21.മഹാനാദൻ
22.ചതുർമൂർത്തി
23 സദാശിവൻ
24. ആമോദൻ
25.ദുർമ്മുഖൻ
26. സുമുഖൻ
27.പ്രമോദൻ
28.ഏകപാദൻ
29.ദ്വിജിഹ്വൻ
30.ശൂരൻ
31.വീരൻ
32. ഷണ്മുഖൻ
33. വരദൻ
34.വാമദേവൻ
35.വക്രതുണ്ഡൻ
36.ദ്വിരണ്ഡകൻ
37.ദ്വിതുണ്ഡൻ
38.സേനാനി
39. ഗ്രാമണ്യൻ
40.മതൻ
41.വിമതൻ
42. മത്തവാഹനൻ
43.ജടി
44.മുണ്ഡി
45.ഖഡ്ഗി
46.വരേണ്യൻ
47.വൃഷകേതനൻ
48. ഭക്ഷ്യപ്രിയൻ
49.ഗണേശൻ
50.മേഘനാദൻ
51. ഗണേശ്വരൻ

ചെയ്യണം .

ഗ്രഹന്യാസത്തിൽ അംഗങ്ങളില് നിശ്ചിതസ്ഥാനത്ത് നവഗ്രഹന്യാസം ചെയ്യണം. (സൂര്യൻ,ചന്ദ്രൻ,മംഗലൻ,ബുധൻ,ബൃഹസ്പതി, ശുക്രൻ, ശനീശ്വരൻ, രാഹു,കേതു.)27 നക്ഷത്രങ്ങളെ അംഗങ്ങളില് ക്രമേണ ന്യസിക്കണം. യോഗിനീന്യാസത്തിൽ ആധാരചക്രങ്ങളില് ഡാകിനി,രാകിനി,ലാകിനി,

കാകിനി,ദാകിനി,സാകിനി,ഹാകിനി,യാകിനി എന്നിവരെ ന്യസിക്കുന്നു. രാശിന്യാസത്തില് 12 രാശികളെ സ്വശരീരത്തില് ന്യസിക്കുന്നു. പീഠന്യാസത്തിൽ 51 ശക്തിപീഠങ്ങളിലെ മാതൃകമാരെ ന്യസിക്കുന്നു.പലപല പീഠങ്ങളിൽ, പലരൂപത്തിൽ,പ്രപഞ്ചത്തിലും ഗ്രഹനക്ഷത്രരാശികളിലും സ്വശരീരത്തിലും മന്ത്രമയിയായി ഇരിക്കുന്നത് ഒരേ ദേവിതന്നെയാണ്. ഇപ്രകാരമുള്ള അദ്വൈതഭാവനയാണ് ആദ്യം ചെയ്യേണ്ടത്. നമുക്ക് വിഘ്നം വരുത്തുന്നതും വിഘ്നം നീക്കുന്നതും ഒരേ ശക്തിയാണ്.

2. പ്രണമാമി മഹാദേവീം മാതൃകാപരമേശ്വരീം
   കാലഹല്ലോഹലോല്ലോലകലനാശമകാരിണീം
   ഏതൊരു മാതൃകാപരമേശ്വരി, കാലത്തിന്റെ ഏറ്റവും സൂക്ഷ്മമായ ലവ ത്രുടി രൂപത്തിലും ,പ്രളയകാലത്തെ രൂപത്തിലും ഇരിക്കുന്നുവോ, ആര് പ്രപഞ്ചത്തെ സൃഷ്ടിക്കുന്നുവോ,ആര് പ്രപഞ്ചത്തിന് സംഹാരം വരുത്തുന്നുവോ,ആ മഹാദേവിയെ പ്രണമിക്കുന്നു. സ്ഥൂലസൂക്ഷ്മരൂപത്തിലും സൃഷ്ടി സ്ഥിതിപ്രലയ കാലത്തും ഒരേ ശക്തിതന്നെ പ്രവർത്തിക്കുന്നു.(ഏകശക്തി)
3. യദക്ഷരൈകമാത്രേപി സംസിദ്ധേസ്പർദ്ധതേനര-
   രവിതാർക്ഷ്യേന്ദുകന്ദർപ്പശങ്കരാനലവിഷ്ണുഭിഃ
   സംസ്കൃതഭാഷയിലെ 51 അക്ഷരവർണ്ണങ്ങള് ഓരോന്നിലും മാതൃകാരൂപിണിയായ ദേവീശക്തിയുണ്ട്. അതിൽ ഏതെങ്കിലും ഒന്ന് സംസിദ്ധമായാൽപ്പോലും ആ വ്യക്തി സൂര്യസമാനം തേജസ്വിയായും ഗരുഡസമാനം ബലശാലിയായും ചന്ദ്രസമാനം കിരണാവലിയോടും കാമദേവതുല്യം സംസാരജഗത്തെ മോഹിപ്പിക്കുന്നവനായും ശിവശങ്കരനെപ്പോലെ കർത്താവും ധർത്താവുമായും അഗ്നിസമാനം ജ്വാലാപ്രകാശവാനായും വിഷ്ണുസമാനം ജഗത്തിന്റെ ഉല്പത്തി,സ്ഥിതി,സംഹാരകർത്താവായും ഭവിക്കുന്നു. തന്ത്രത്തിൽ ഏകാക്ഷരമന്ത്രം – ഐം, ക്ലീം,സൌം,ഹ്ലീം,ക്ലീം,ഓം
4. യദക്ഷരശശിജ്യോത്സ്നാമണ്ഡിതം ഭുവനത്രയം
   വന്ദേസർവ്വേശ്വരീം ദേവീം മഹാശ്രീസിദ്ധമാതൃകാം.
   ഏതൊരു ദേവിയുടെ 51 അക്ഷരമാലാരൂപമായ ശശിജ്യോത്സ്നാ (ചാന്ദ്ര നിലാവ്) കിരണങ്ങളാൽ മൂന്നുലോകവും പ്രകാശിക്കുന്നുവോ, ആ സർവ്വേ

ശ്വരിയായ മഹാശ്രീസിദ്ധമാതൃകയെ വന്ദിക്കുന്നു.ത്രിലോകത്തിലും ആ അക്ഷരനിലാവ് വ്യാപിക്കുന്നു. ശ്രുതിവചനം- അസ്തമിത ആദിത്യേ ചന്ദ്രേ അസ്തമിതേ കിം ജ്യോതി ? പുരുഷവാഗ്ജ്യോതിരിതി. സൂര്യചന്ദ്രന്മാർ അസ്തമിച്ചാലും വാഗ്ദേവിയുടെ ജ്യോതിസ്സ് നിലനിൽക്കുന്നു, പ്രകാശം പരത്തുന്നു. അകത്തും പുറത്തും സർവ്വത്ര വ്യാപിച്ച വാഗ്ദേവതയുടെ അക്ഷയചന്ദ്രികയെ വന്ദിക്കുന്നു.

5. യദക്ഷരമഹാസൂത്രപ്രോതമേതജ്ജഗത്രയം
   ബ്രഹ്മാണ്ഡാദികടാഹാന്തം വന്ദേ താം സിദ്ധമാതൃകാം
   ത്രിലോകങ്ങളും ബ്രഹ്മാണ്ഡാദികടാഹാന്തം വരെയുള്ള സർവ്വവും ഏതൊരു അക്ഷരമഹാസൂത്രത്തിലാണോ കോർക്കപ്പെട്ടിരിക്കുന്നത്,ആ സിദ്ധമാതൃകയെ വന്ദിക്കുന്നു.ബ്രഹ്മാണ്ഡകടാഹത്തിലെ സർവ്വചരാചരവും ആ അക്ഷരനൂലിൽ കോർക്കപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ ബ്രഹ്മരന്ധ്രം മുതൽ മൂലാധാരം വരെയുള്ള മേരുദണ്ഡത്തിലും 51 അക്ഷരവർണ്ണമാ തൃകകൾ വ്യാപിച്ചിരിക്കുന്നു.16 സ്വരം വിശുദ്ധിചക്രത്തിലാണ്. ബ്രഹ്മരന്ധ്രത്തിൽ എല്ലാ വർണ്ണവുമുണ്ട്. മറ്റ് വ്യഞ്ജനങ്ങൾ സ്വാധിഷ്ഠാന,മണിപൂര,അനാഹത, ആജ്ഞാചക്രങ്ങളിൽ വിന്യസിക്കുന്നു.
6. യദേകാദശമാധാരം ബീജം കോണത്രയോദ്ഭവം
   ബ്രഹ്മാണ്ഡാദികടാഹാന്തം ജഗദധ്യാപി ദൃശ്യതേ
   11 ആധാരങ്ങളില് ആരാണോ വ്യാപ്തമായിരിക്കുന്നത്, ത്രികോണത്തിലെ കോണത്രയങ്ങളിലും സ്ഥിരമായിരുന്ന് ആരാണോ പ്രപഞ്ചത്തിന്റെ ബീജമായിരിക്കുന്നത്, ഇഛാജ്ഞാനക്രിയാത്രികോണരൂപത്തിൽ ആര് പ്രപഞ്ചസർഗ്ഗം നടത്തുന്നുവോ,വിശ്വോല്പത്തികാരണമായ ആ ദേവിക്ക് നമസ്കാരം. സുഷുമ്നാനാഡിയിലെ 6 ചക്രങ്ങളായ മൂലാധാര,സ്വാധിഷ്ഠാന,മണിപൂര, അനാഹത,വിശുദ്ധി.ആജ്ഞാചക്രങ്ങളെക്കൂടാതെ ഈ ശ്ലോകം 11 ആധാരചക്രങ്ങളെ പറയുന്നു. ഗോരക്ഷാസംഹിതയിൽ,
   ഷഡ്ചക്രഷോഡശാധാരം ദ്വിലക്ഷ്യാവ്യോമപഞ്ചകം
   സ്വദേഹേ യേ ന ജാനന്തി കഥം സിദ്ധ്യന്തി യോഗിനഃ
   ആറു ചക്രം, 16 ആധാരം, 2 ലക്ഷ്യം,5 ആകാശം ഈ നാലും ചേർന്ന് 29.

സ്വശരീരത്തിൽ സ്ഥിതിചെയ്യുന്ന ഇവയെ അറിയാത്തവർക്ക് എങ്ങനെ സിദ്ധി ലഭിക്കും. 16 ആധാരം-പാദാംഗുഷ്ഠം,മൂലാധാരം, ഗുഹ്യാധാരം, വജ്ര ഗർഭനാഡി,ഉഡ്ഡ്യാനബന്ധാധാരം,നാഭീമണ്ഡലാധാരം, ഹൃദയാധാരം, കണ്ഠാധാരം, കണ്ഠമൂലാധാരം,ജിഹ്വാമൂലാധാരം, ജിഹ്വാഅധോഭാഗാധാരം, ഊർദ്ധ്വദന്തമൂലാധാരം,നാസികാഗ്രാധാരം, നാസികാമൂലാധാരം, ഭ്രൂമദ്ധ്യാ ധാരം,നേത്രാധാരം.ആദ്യത്തെ ആധാരത്തിൽ ധാരണ,ധ്യാനം ചെയ്യുന്നതു കൊണ്ട് ദൃഷ്ടിക്ക് സ്ഥിരത പ്രാപ്തമാവുന്നു.രണ്ടാമത്തേതില് അചേതനമായി ഉറച്ചിരുന്നാൽ ശരീരത്തിലെ അഗ്നി (ഊർജ്ജം)വൃദ്ധി പ്രാപിക്കുന്നു.3-4 ആ ധാരങ്ങളിൽ ഗുഹ്യാധാരത്തില് അശ്വിനിമുദ്ര ചെയ്യുന്നതുകൊണ്ട് നാലാമ ത്തെ ആധാരമായ വജ്രനാഡിയിലേക്ക് അപാനവായു പ്രവേശിച്ച് ബിന്ദു ചക്രത്തിലേക്ക് എത്തുന്നു. ഇത് ശുക്ലസ്തംഭനത്തിനുള്ള സാമർത്ഥ്യം പ്രാപ്ത മാക്കുന്നു. 5ആം ആധാരത്തിൽ പശ്ചിമോത്ഥാനആസനം ചെയ്ത് ഗുദം സ ങ്കോചിപ്പിക്കുന്ന അഭ്യാസം ചെയ്താൽ മലമൂത്രങ്ങള് വ്യവസ്ഥിതമാകുന്നു. ആ പ്രദേശത്തെ കൃമി മുതലായവ നശിക്കുന്നു.ആറാം ആധാരത്തിൽ ഓങ്കാര ജപവും ജ്യോതിധ്യാനവും ചെയ്താൽ നാദോത്പത്തി.ഏഴാം ആധാര ത്തിൽ പ്രാണവായു നിറച്ച് നിർത്തുന്നപക്ഷം ഹൃദയകമലം വികസിക്കുന്നു.8ആം ആധാരത്തിൽ ചിബുകം(താടി)ദൃഢതാപൂർവ്വം ഹൃദയഭാഗത്തുവെച്ച് ധ്യാനം ചെയ്താൽ ഇഡ,പിംഗള,നാഡികളിലൂടെ ഒഴുകുന്ന വായു സ്ഥിരമായിത്തീരു ന്നു.9ആം ആധാരത്തിൽ രണ്ട് ചെറിയ ഖണ്ഡികകളുണ്ട്. അവിടെ ജീവൻ എത്തുമ്പോള്ചന്ദ്രമണ്ഡലത്തിൽനിന്ന് ഒഴുകുന്ന സുധാരസത്തിന്റെ സ്വാദ് അറിയുന്നു.10ആം ആധാരത്തിൽ ഖേചരീമുദ്രാവിധിചെയ്താൽ അഗ്രഭാഗ ത്താൽ മന്ഥനം ചെയ്താൽ,ഖേചരീസിദ്ധി ലഭിക്കും.11ആം ആധാരത്തിൽ അഗ്രഭാഗംകൊണ്ട് മന്ഥനം ചെയ്താൽ കവിത്വശക്തി ലഭിക്കും.12ആം ആ ധാരത്തിൽ അഗ്രഭാഗം സ്ഥിരമാക്കിയാല് അനേകം രോഗങ്ങള് നശിച്ചു പോകും.13-14 ആധാരത്തില് നാസികാഗ്രത്തില് ദൃഷ്ടി സ്ഥിരമാക്കിയാ ലാണ് ജ്യോതിദർശനം. 15ആം ആധാരം ഭ്രൂമദ്ധ്യത്തിൽ ദൃഷ്ടിസ്ഥൈര്യം അഭ്യസിച്ച് സൂര്യാകാശത്തിൽ ചിത്തലയസിദ്ധി. 16ആം നേത്രാധാരമൂ ലത്തിൽ അംഗുലിവെച്ചാൽ,ഇന്ദ്രധനുസ്സിന്റെ ജ്യോതി ദർശിക്കാം. ഇതി

നാൽ ജ്യോതിസാക്ഷാത്കാരം.ഈ 16 ആധാരങ്ങളില് 11 ആധാരം പ്രധാനമാണ്.പാദം,ഗുഹ്യം,വജ്രഗർഭനാഡി,നാഭിമണ്ഡലം,ഹൃദയം,കണ്ഠം,ജിഹ്വ, ഊർദ്ധ്വദന്തമൂലം,മൂക്ക്,ഭ്രൂമദ്ധ്യം,നേത്രം. 16 ആധാരസ്ഥാനവും സര്വ്വസിദ്ധികൃതങ്ങളെന്ന് വിളിക്കപ്പെടുന്നു.

7. അകചാദിടതോന്നദ്ധപയശാക്ഷരവർഗ്ഗിണീം
ജ്യേഷ്ഠാംഗബാഹുഹൃത്പൃഷ്ഠകടിപാദനിവാസിനീം
ദേവി അഷ്ടവർഗ്ഗരൂപിണിയാണ്. സംസ്കൃതദേവനാഗരിലിപിയിലും മലയാളത്തിലും അക്ഷരങ്ങളെ അഷ്ടവർഗ്ഗമായി ഭാഗിച്ചിരിക്കുന്നു. സ്വരാക്ഷരങ്ങൾ, ആദ്യവർഗ്ഗം. വ്യഞ്ജനാക്ഷരങ്ങളിൽ, കവർഗ്ഗം, ചവർഗ്ഗം ,ടവർഗ്ഗം, തവർഗ്ഗം,പവർഗ്ഗം, യവർഗ്ഗം( യരലവ) ശവ ർഗ്ഗം(ശഷസഹളക്ഷ)എന്ന് ഏഴുവർഗ്ഗം. ഈ 51 അക്ഷരങ്ങളുടെ കുലമാണ് ലിപി. ഇവയിൽ ബിന്ദു ചേർന്നതാണ് മാതൃകാക്ഷരങ്ങൾ. ദേവീസ്വരൂപം മാതൃകാക്ഷരസ്വരൂപമാണ്. ജ്യേഷ്ഠാംഗത്തിൽ ശിരസ്സ്, ശിഖ,ലലാടം, ഭ്രൂ മദ്ധ്യം,ഇവ ഉൾപ്പെടുന്നു.ജ്യേഷ്ഠാംഗത്തിലും ബാഹുക്കളിലും കണ്ഠത്തിലും പൃഷ്ഠത്തിലും കടിഭാഗത്തും പാദത്തിലും വസിക്കുന്ന മാതൃകാക്ഷരവർഗ്ഗ സ്വരൂപിണിയായ മാതൃശക്തിക്ക് നമസ്കാരം.

8. താമികാരാക്ഷരരോദ്ധാരസാരാധാരാം പരാത്പരാം
പ്രണമാമി മഹാദേവിം പരമാനന്ദരൂപിണീം
ഇകാരാക്ഷരത്തെ ഉദ്ധരിക്കുന്നവളും ആധാരചക്രങ്ങളുടെയെല്ലാം സാരവും പരാത്പരയും പരമാനന്ദരൂപിണിയുമായ ദേവിയെ പ്രണമിക്കുന്നു.

9. അദ്ധ്യാപി യസ്യാ ജാനന്തി ന മനാഗപി ദേവതാഃ
കേയം കസ്മാത് ക്വ കേനേതി സ്വരൂപാരൂപഭാവനാം
ഏതൊരു ആദിശക്തിയെ അന്യദേവന്മാർക്ക് ഇന്നും അറിയാനാവുന്നില്ലയോ, ഏതൊരുവൾ സ്വരൂപവും അരൂപവും സാകാരവും നിരാകാരവും ആയ സർവ്വത്തേയും സൃഷ്ടിക്കുന്നുവോ ,ആ ദേവിക്ക് പ്രണാമം.

10. വന്ദേ താമഷമക്ഷയ്യക്ഷകാരാക്ഷരരൂപിണീം
ദേവീം കുലകലോല്ലോലപ്രോല്ലസന്തീം പരൌലിജാം
അ മുതൽ ക്ഷ വരെയുള്ള അക്ഷരങ്ങളിലെല്ലാം വ്യാപിച്ചവളും അക്ഷര

സ്വരൂപിണിയും ക്ഷകാരാക്ഷരരൂപിണിയും അക്ഷയയും പരമപാവനിയും ജഗത് വിസ്താരത്തിന്റെ ദർപ്പണവും ശിവൻമുതല് ക്ഷിതിവരെ ഉള്ള എല്ലാ തത്വങ്ങളുടെ സ്വരൂപിണിയും ആയ ദേവിക്ക് വന്ദനം. .

ശിവാദിക്ഷിതിപ്രാപ്ത. 36 തത്വസ്വരൂപിണി. (ശിവ,ശക്തി,സദാശിവ, ഈശ്വര,ശുദ്ധവിദ്യ,മായ,കല,വിദ്യ,രാഗം,കാലം,നിയതി,പുരുഷ,പ്രകൃതി,ബുദ്ധി,അഹങ്കാര,മനം,ശ്രോത്രം,ത്വക്ക്,ചക്ഷു,ജിഹ്വ,ഘ്രാണം,വാക്ക്,പാണി,പാദ,പായു,ഉപസ്ഥം,ശബ്ദം,സ്പർശം,രൂപം,രസം,ഗന്ധം,ആകാശം,വായു,വഹ്നി,ജലം,ഭൂമി) സംസാരസാഗരത്തിന്റെ ലഹരി(തിരമാല) രൂപത്തിലാണ് ഈ കലകൾ പറഞ്ഞിരിക്കുന്നത്.അപ്രകാരമുള്ള കുലകലോല്ലോലപ്രോല്ലസന്തി-കലാകുലത്തിന്റെ തിരമാലകളില് വ്യാപിച്ച് ഉല്ലസിക്കുന്നു.

11. വർണ്ണാനുക്രമയോഗേന യസ്യാ മാതൃഷ്ടകം സ്ഥിതം
    വന്ദേ കാമഷ്ടവർഗ്ഗോത്ഥമഹാസിദ്ധ്യഷ്ടകേശ്വരീം
    51 അക്ഷരവർണ്ണകുലങ്ങളിലെ അ,ക,ച,ട,ത,പ,യ,ശ എന്ന അഷ്ടവർഗ്ഗകുലങ്ങളിലിരിക്കുന്നവളും വ്യാപിച്ചിരിക്കുന്നവളും അഷ്ടവർഗ്ഗങ്ങളിലൂടെ അഷ്ടസിദ്ധിസ്വരൂപിണിയായി സിദ്ധി തരുന്നവളും ആയ മഹാദേവിയെ വന്ദിക്കുന്നു.
12. കാമപൂർണ്ണജകാരാഖ്യശ്രീപീഠാന്തർനിവാസിനീം
    ചതുരാജ്ഞാകോശഭൃതാം നൌമി ശ്രീത്രിപുരാമഹം
    കാമരൂപം,പൂർണ്ണഗിരി, ജാലന്ധരം,മുതലായ നാമങ്ങളുള്ള ശ്രീപീഠങ്ങളില് വസിക്കുന്നവളും തത്വങ്ങളുടെ ആജ്ഞാകോശത്തിന്റെ നാലുവശത്തും നാലു പ്രകാരം വ്യാപിച്ചിരിക്കുന്നവളുമായ ശ്രീ ത്രിപുരസുന്ദരിയെ നമിക്കുന്നു.
    (13 മുതല് 23 വരെ 64 തന്ത്രങ്ങളുടെ വിവരം)
13. ഭഗവൻസർവ്വമന്ത്രാശ്ച ഭവതാ മേ പ്രകാശിതാഃ
    ചതുഷഷ്ടിസ്തു തന്ത്രാണി മാതൃണാമുത്തമാനി തു
14. മഹാമായാ ശാംബരം ച യോഗിനീജാലശംബരാ
    തത്വശംബരകം ദേവഭൈരവാഷ്ടകമേവ ച
15. ബഹുരൂപാഷ്ടകം ജ്ഞാനാ യാമലാഷ്ടകമേവ ച
    ചന്ദ്രജ്ഞാനം വാസുകീം ചമഹാസമ്മോഹനം തഥാ

16. മഹോശ്ച്രുഷ്മം മഹാദേവ വാഥുലം ച നയോത്തരം
    ഹൃദ്ഭേദം മാതൃഭേദം ച ഗുഹ്യതന്ത്രം ച കാമികം
17. കലാപാദം കാലസാരം തഥാന്യത് കുബ്ജികാമതം
    നയോത്തരം ച വീണാഢ്യം ത്രോത്തുലം ഭ്രോത്തുലോത്തരം
18. പഞ്ചാമൃതം രൂപഭേദം ഭൂതോഡ്ഡാമര ഏവ ച
    കുലസാരം കുലോഡ്ഡീശം കുലചൂഡാമണിം തഥാ
19. സർവ്വജ്ഞാനോത്തരം ദേവ മഹാപിചുമതം തഥാ
    മഹാലക്ഷ്മീമതം ദേവീസിദ്ധയോഗീശ്വരീമതം

20.കരൂപികാമതം ദേവരൂപികാമതമേവ ച
സർവ്വവീരമതം ദേവ വിമലാമതമേവ ച

21. അരുണേശം മോദനേശം വിശുദ്ധേശ്വരമേവ ച
    ഏവമേതാനി ശാസ്ത്രാണി തഥാന്യാന്യാപി കോടിശഃ

22.ഭവതോ തഥാനി മേ ദേവ സർവ്വജ്ഞാനമയാനി ച
വിദ്യാഃഷോഡശദേവേശ സൂചിതാ ന പ്രകാശിതാഃ

പാർവ്വതി പരമേശ്വരനോട് പറഞ്ഞു:- ഭഗവാന് അവിടുത്തെ സർവ്വ മന്ത്രങ്ങളും പ്രകാശിപ്പിച്ചു തന്നു. 64 തന്ത്രങ്ങളും അവയിലെ ഉത്തമമാതൃകകളും വിവരിച്ചുതന്നു.

64 തന്ത്രങ്ങൾ

1.മഹാമായ
2ശംബര
3.യോഗിനി
4.ജാലശംബര
5.തത്വശംബര
6.ഭൈരവാഷ്ടകം(ഇതിൽ8തന്ത്രം)
7ബഹുരൂപാഷ്ടകം
8ജ്ഞാനയാമളാഷ്ടകം
9.ചന്ദ്രജ്ഞാനം
10.വാസുകി
11.മഹാസമ്മോഹനം
12.മഹോച്ഛ്രുഷ്മം
13.മഹാദേവം
14.വാഥുലം
15.നയോത്തരം
16.ഹൃദ്ഭേദം
17.മാതൃഭേദം
18.ഗുഹ്യതന്ത്രം
19.കാമികം
20 കലാപാദം
21.കാലസാരം
22.കുബ്ജികാമതം
23നയോത്തരം(ആവർത്തനം)
24വീണാഢ്യം
25.ത്രോത്തുലം
26.ഭ്രോത്തുലോത്തരം
27.പഞ്ചാമൃതം
28.രൂപഭേദം
29.ഭൂതോഡ്ഡാമരം
30കുലസാരം
31കുലോഡ്ഡീശം
32.കുലചൂഡാമണി
33.സർവ്വജ്ഞാനോത്തരം
34മഹാപിചുമതം
35മഹാലക്ഷ്മീമതം
36സിദ്ധയോഗീശ്വരീമതം
37കുരൂപികാമതം
38ദേവരൂപികാമതം
39സർവ്വവീരമതം
40 വിമലാമതം
41.അരുണേശമതം
42മോദനേശമതം
43വിരുദ്ധേശ്വരമതം

43നോട് ശൈവാഷ്ടക ബഹുരൂപാഷ്ടക,യാമളാഷ്ടകങ്ങളിലെ തന്ത്രങ്ങളും ചേർക്കുന്നു

ശൈവാഷ്ടകം
1സ്വഛന്ദം 8വിജയം
2.ക്രോധം
3.ഉന്മത്തം
4.ഉഗ്രം
5കപാലി
6ഝംകാര
7ശേഖരം

ബഹുരൂപാഷ്ടകം
1.ബ്രാഹ്മി
2.മഹേശ്വരി
3.കൌമാരി
4.വൈഷ്ണവി
5.വാരാഹി
6.മാഹേന്ദ്രി
7.ചാമുണ്ഡാ
8ശിവദൂതി

യാമളാഷ്ടകം
1.ബ്രഹ്മയാമളം
2.വിഷ്ണുയാമളം
3.രുദ്രയാമളം
4.ലക്ഷ്മീയാമളം
5.ഉമായാമളം
6.സ്കന്ദയാമളം
7.ജയദ്രഥയാമളം
8.ഗണേശയാമളം

ഇവയെക്കൂടാതെ അനേകകോടി ശാസ്ത്രങ്ങളേയും ഭഗവാന് വർണ്ണിച്ചുതന്നു. ജ്ഞാനമയമായ സർവ്വലോകവർണ്ണനയും ചെയ്തു. എങ്കിലും,ദേവേശാ, അവിടുത്തെ വിദ്യകളുടെ സൂചന തന്നില്ല. പ്രകാശിപ്പിച്ചതുമില്ല.

23.ഇദാനീം ശ്രോതുമിച്ഛാമി താസാം നാമാനി ശങ്കരഃ
ഏകൈകം ചക്രപൂജാം ച പരിപൂർണ്ണാം സമന്തതഃ

24.അനേകദേവതാനാമമന്ത്രമുദ്രാഗണൈഃസഹ
ശ്രുണുദേവീ മഹാജ്ഞാനം നിത്യാഷോഡശികാർണ്ണവം
ഹേ,ശിവശങ്കരാ,അവയുടെ നാമങ്ങളും ഓരോന്നിന്റേയും പ്രത്യേകചക്രപൂജയും പരിപൂർണ്ണമായ വർണ്ണനയും കേൾക്കണമെന്ന് ഞാൻആഗ്രഹിക്കുന്നു.ശിവൻ പറഞ്ഞു:-ദേവീ,മഹാജ്ഞാനമായ നിത്യാഷോഡശികാർണ്ണവത്തെ കേട്ടുകൊള്ളുക.

25. ന കസ്യ ചിന്മയാഖ്യാതം സർവ്വതന്ത്രേഷു ഗോപിതം
തത്രാദൌ പ്രഥമാ നിത്യാ മഹാത്രിപുരസുന്ദരീ

26. തതഃകാമേശ്വരീ നിത്യാ നിത്യാച ഭഗമാലിനീ

നിത്യക്ലിന്നാപി ഹി തഥാ ഭേരുണ്ഡാ വഹ്നിവാസിനി

27. മഹാവിദ്യേശ്വരീദൂതീ ത്വരിതാ കുലസുന്ദരീ

നിത്യാ നീലപതാകാ ച വിജയാ സർവ്വമംഗലാ

28ജ്വാലാമാലി വിചിത്രാചേത്യേവം നിത്യാസ്തുഷോഡശഃ

ശ്രുണുദേവി മഹാനിത്യാമാദൌ ത്രിപുരസുന്ദരീം

29.യഥാ വിജ്ഞാതയാ ദേവീ ജഗത്ക്ഷോഭഃപ്രജായതേ

ശക്ത്യാശക്തിം വിനിർഭിധ്യ ഭൂയോവഹ്നിപുരേണതു

ദേവീ,ഇതുവരെ ഷോഡശമഹാനിത്യകളുടെ മഹാജ്ഞാനം ആർക്കുംതന്നെ ഞാൻ കൊടുത്തിട്ടില്ല. ഇത് സർവ്വതന്ത്രങ്ങളിലും ഗോപിതമായി മറഞ്ഞ് ഇരിക്കുന്ന മഹാജ്ഞാനമാണ്. ഈ നിത്യകളിൽ ആദ്യത്തെ നിത്യ മഹാത്രിപുരസുന്ദരിയാണ്.

1.മഹാത്രിപുരസുന്ദരി

2. കാമേശ്വരി

3. ഭഗമാലിനി

4.നിത്യക്ലിന്ന

5.ഭേരുണ്ഡ

6.വഹ്നിവാസിനി

7.മഹാവിദ്യേശ്വരി

8.ശിവദൂതി

9.ത്വരിത

10.കുലസുന്ദരി

11.നിത്യ

12.നീലപതാക

13.വിജയ

14.സർവ്വമംഗല

15.ജ്വാലാമാലിനി

16.വിചിത്ര

ദേവീ,കേട്ടാലും. ആദ്യം മഹാനിത്യയായ ത്രിപുരസുന്ദരിയെക്കുറിച്ച് പറയാം.ഈ ദേവിയെക്കുറിച്ചുള്ള വിജ്ഞാനം ലഭിച്ച വ്യക്തിക്ക് ഈ സമ്പൂർണ്ണജഗത്തിനേയും ക്ഷോഭിപ്പിക്കാന് (ഇളക്കുക,വശീകരിക്കുക) കഴിയും

30. സമ്പുടീകൃത്യസർവ്വോർദ്ധ്വം ശക്തിം വിസ്താരയേദധഃ

തഥൈവ വഹ്നിചക്രേണ താമേവോർദ്ധ്വം വിഭേദയേത്

31. തത ഊർദ്ധ്വസ്ഥിതാം ശക്തിമൂർദ്ധ്വം വിസ്താരയേത് ക്രമാത്

പുനരാദ്ധ്യം വഹ്നിചക്രമധോവിസ്താര്യസുന്ദരീ

32.ഗ്രന്ഥിഭേദക്രമേണൈവ ശക്തിമാദ്യം വിഭേദയേത്

പുനഃപൂർവ്വവദേവാധ്യാം ശക്തിം വിസ്താര്യഭേദയേത്

33.ഊർദ്ധ്വവഹ്നിമധോവഹ്നിമദ്ധ്യേവഹ്നിവിവർജ്ജിതം

വിസ്താര്യഭേദയേഛക്തിമധസ്താദൂർദ്ധ്വവഹ്നിനാ

34. അതോ മദ്ധ്യാദിശക്ത്യൂർദ്ധ്വശക്തിം വിസ്താരയേദശഃ

തഥൈവസമ്പുടീകുര്യാത് സർവ്വചക്രം സുരേശ്വരീ

36.താം ച തേന മഹേശാനി വഹ്നിചക്രേണ ഭേദയേത്

ഗ്രന്ഥിഭേദക്രമേണാദ്ധ്യഃസർവ്വോർദ്ധ്വാത് സർവ്വബാഹ്യതഃ

37.മദ്ധ്യോർദ്ധ്വശക്തിപര്യന്തമാദിശക്ത്യവധിപ്രിയേ

തതോ ബാഹ്യസ്ഥശക്ത്യന്തഃശക്തിമൂർദ്ധ്വം വികാസയേത്

38.സർവ്വോർദ്ധ്വവഹ്ന്യധോവഹ്നിപര്യന്തം വീരവന്ദിതേ

തഥാ വിസ്താരയേഛക്തിമാദ്യാമപ്യൂർദ്ധ്വമീശ്വരീ

39.തഥാ വിഭേദയേർദ്വഹ്നിചക്രം സർവ്വോർദ്ധ്വസംസ്ഥിതം

സർവ്വോർദ്ധ്വവഹ്ന്യധോഭാഗഗ്രന്ഥിപര്യന്തതഃപ്രിയേ

40.വിസ്താര്യബാഹ്യശക്തിം തു സർവ്വാധസ്താദ്വിഭേദയേത്

തതഃസൃഷ്ട്യാമഹാചക്രം പ്രഥമം തു ഹുതാശനം

ഈ ശ്ലോകങ്ങളിൽ ശ്രീചക്രനിർമ്മാണവിധി പറയുന്നു. സാധകൻ കിഴക്കഭിമുഖമായി ഇരിക്കുന്നു. ആദ്യം അധോമുഖശക്തിത്രികോണങ്ങളാണ് നിർമ്മിക്കുന്നത്. ഇതിന്നായി 8 ദിക്കുകള് കല്പിച്ച വൃത്തത്തില് ഒരു ബിന്ദു ഇടുന്നു. വൃത്തബിന്ദുവിന് മുകളിൽ 5 അംശം , താഴം 5 അംശം ആയി ഈശാനകോൺ മുതല് നൈരൃതികോൺവരെയും (യന്ത്രത്തിന്റെ വലിപ്പചെറുപ്പം അനുസരിച്ച് വലുതോ ചെറുതോ ആയ)രണ്ട് തിര്യക് രേഖകൾ വരയ്ക്കുന്നു.



ചിത്രം 1

വായവ്യംമുതൽ നൈരൃതിവരെയുള്ള രേഖക്കടുത്ത് ബിന്ദുവിട്ട് അതിൽനിന്ന് രണ്ട് പാർശ്വരേഖകൾ-ഒന്ന് ഈശാനത്തിലേക്കും ഒന്ന് ആഗ്നേയത്തിലേക്കും വരച്ച്,ഈശാനത്തിൽനിന്ന് ആഗ്നേയത്തിലേക്കുള്ള രേഖയെ സ്പർശിക്കുന്നു. ഇപ്രകാരമാണ് അധോമുഖശക്തിത്രികോണം ഉണ്ടാക്കേണ്ടത്.ഇതിനുശേഷം ഈശാനത്തിൽനിന്ന് ആഗ്നേയത്തിലേക്ക് തിര്യക് രേഖയുടെ മദ്ധ്യഭാഗത്തുനിന്ന് 3 അംശം മുകളിലായി ബിന്ദുവിട്ട് അതിൽനിന്ന് രണ്ട് പാർശ്വരേഖ-ഒന്ന് നൈരൃതിയിലേക്കും ഒന്ന് വായവ്യത്തിലേക്കും വരക്കുക.വായവ്യത്തി

ൽനിന്ന് നൈരൃതിയിലേക്ക് വരച്ച തിര്യക് രേഖയില് അവസാനിപ്പിക്കുക. ഇത് ഊർദ്ധ്വമുഖശിവത്രികോണമാണ്.



ചിത്രം 2

പിന്നീട് വടക്കുനിന്ന് തെക്കോട്ട് തിര്യക് രേഖവരച്ച് മുകളിലും താഴെയും രണ്ടു ത്രികോണങ്ങൾക്ക് മദ്ധ്യേയുള്ള സന്ധികളെ ഭേദിക്കുക. വായവ്യം മുതൽ നൈരൃതി വരെ വരച്ച രേഖയുടെ മദ്ധ്യഭാഗത്തിന്റെ 3 അംശത്തിനു താഴെ ബിന്ദു ഇടുക. അതിൽനിന്ന് 2 പാർശ്വത്തിലും ഈശാനവായവ്യദിശയിലേക്ക് രേഖകൾ വരച്ച് ഉത്തരദക്ഷിണഭാഗത്തെ തിര്യക് രേഖകളില് കൂട്ടിമുട്ടിക്കുക. ഇതിൽനിന്ന് രണ്ടാമത്തെ ശക്തിക്രികോണമുണ്ടാക്കുന്നു.



ചിത്രം 3.

ചിത്രമദ്ധ്യത്തിലെ അധോമുഖത്രികോണമാണ് മഹാത്ര്യസ്ഥചക്രം. ആ മദ്ധ്യ സ്ഥത്രികോണത്തിന്റെ മദ്ധ്യത്തിൽ ഒരു ബിന്ദു ഇട്ടാല് ബിന്ദുചക്രമായി. ഇപ്രകാരം ചിത്രത്തിൽ ബിന്ദുചക്രം,മഹാത്ര്യസ്ഥചക്രം ,അഷ്ടാരചക്രം ഇവ

ഉണ്ടാക്കുന്നു.ഇതിൽ ഇപ്പോള് 9 ത്രികോണമുണ്ട്. ഇതിനെ നവയോനിചക്രം അഥവാ നവത്രികോണചക്രം എന്ന് പറയുന്നു. യോനി എന്നാൽ ഇവിടെ ത്രികോണമാണ്.അഷ്ടാരചക്രത്തിലെ പ്രഥമശക്തിത്രികോണത്തിന്റെ 3 അംശത്തിനുതാഴെ ബിന്ദു ഇടുക. അതിൽനിന്ന് 2 പാർശ്വരേഖ ഈശാന, ആഗ്നേയങ്ങളിലേക്കും വായവ്യനൈരൃതികളിലേക്കും വരച്ച് 2 ത്രികോണങ്ങളുടെ കോണങ്ങളേയും സ്പർശിക്കുക. ഈശാനആഗ്നേയഭാഗത്ത് രണ്ടാമത്തെ ശക്തിത്രികോണത്തിലെ തിര്യക് രേഖയുടെ ഇരുവശത്തും അല്പാല്പമായി വലിപ്പം കൂട്ടി ആ രണ്ടു രേഖകളെ തമ്മിൽ യോജിപ്പിക്കുക.ഇതിന്നുശേഷം രണ്ടാമത്തെ ശക്തിത്രികോണത്തിലെ 2 പാർശ്വരേഖകളെ ഈശാനആഗ്നേയങ്ങളിലേക്ക് കുറേശ്ശെയായി വലുതാക്കി ആദ്യത്തെ ശിവത്രികോണത്തിന്റെ പൂർവ്വകോണത്തെ സ്പർശിക്കുന്ന ഒരു തിര്യക് രേഖ ഈശാനം മുതല് ആഗ്നേയം വരെ വരക്കുക. വലുതാക്കിയ 2 പാർശ്വരേഖകളുമായി യോജിപ്പിക്കുക. ഇപ്രകാരം അന്തർദ്ദശാരചക്രം ഉണ്ടാക്കുന്നു.




ചിത്രം 4.

അന്തർദ്ദശാരചക്രത്തില് 3 ശക്തിത്രികോണങ്ങളും 2 ഊർദ്ധ്വമുഖശിവത്രികോണങ്ങളുമുണ്ട്. നാലുവശവുമായി ചെറിയ 10 ത്രികോണവും കാണാം. അന്തർദശാരചക്രത്തിലെ ആദ്യശക്തിത്രികോണത്തിന്റെ 5 അംശം താഴെ

ഒരു ബിന്ദു ഇടുക. അതിൽനിന്ന് 2 പാർശ്വരേഖ ഈശാനആഗ്നേയകോണിൽ നിന്ന് വായവ്യത്തിന്റെ 2 ത്രികോണത്തിന്റേയും കോണുകളെ സ്പർശിച്ച് വരക്കുക. മൂന്നാമത്തെ ശക്തിത്രികോണത്തിന്റെ തിര്യക് രേഖ ഈശാനം മുതൽ ആഗ്നേയം വരെ അങ്കിതമായതിന്റെ ഇരുവശവും കുറേശ്ശെയായി നീട്ടി (വലുതാക്കി) രണ്ടു പാർശ്വരേഖയേയും സ്പർശിക്കുക. ഇതുപോലെ ആദ്യശിവ ത്രികോണത്തിന്റെ പൂർവ്വകോണിലെ 5 അംശം മുകളില് ബിന്ദു ഇടുക. അതിൽനിന്ന് പാർശ്വരേഖകള് വായവയം നൈരൃതിഭാഗത്തേക്ക് ഈശാനആഗ്നേയഭാഗത്തേക്കുള്ള രണ്ട് ത്രികോണങ്ങളെ സ്പർശിച്ച് വരക്കുക. രണ്ടാമത്തെ ശിവത്രികോണത്തിന്റെ തിര്യക് രേഖ (വായവ്യം മുതൽ നൈരൃതി വരെയുള്ളത്),അതിന്റെ ഇരുവശം കുറേശ്ശെ വലുതാക്കി രണ്ടു പാർശ്വരേഖകളെ തൊടുക.

മൂന്നാമത്തെ ശക്തിത്രികോണത്തിന്റെ ഇരുപാർശ്വരേഖകളുടെ ഈശാനവായവ്യഭാഗത്ത് അല്പാല്പം നീട്ടുക.ഒരുതിര്യക് രേഖ ആദ്യശിവത്രികോണത്തിന്റെ പൂർവ്വകോണത്തെ തൊട്ട്,ഈശാനം മുതൽ ആഗ്നേയം വരെ വരച്ച്,പറയപ്പെട്ട രണ്ടു പാർശ്വരേഖകളോട് യോജിപ്പിക്കുക.ഇപ്രകാരം രണ്ടാമത്തെ ശിവ ത്രികോണത്തിന്റെ ഇരുപാർശ്വരേഖകളുടെ വായവ്യനൈരൃതിഭാഗങ്ങള് കുറേശ്ശെ നീട്ടുക.ഒരു തിര്യക് രേഖ പ്രഥമശക്തിത്രികോണത്തിന്റെ പശ്ചിമകോൺ സ്പർശിച്ച് വായവ്യനൈരൃതിയിലേക്ക് വരച്ച്, ആ രണ്ട് പാര്ശ്വരേഖകളെ യോജിപ്പിക്കുക. ഇപ്രകാരം ബഹിർദ്ദശാരചക്രം ഉണ്ടാക്കുന്നു.ഇതിൽ 4 ശക്തി ത്രികോണവും 3 ശിവത്രികോണവുമുണ്ട്



ചിത്രം5.

ചതുർദശാരചക്രമുണ്ടാക്കുന്നതിന് ബഹിർദശാരചക്രത്തിന്റെ ആദ്യശിവത്രി കോണത്തിന്റെ പൂർവ്വകോണിന്റെ 6 അംശം മുകളില് ബിന്ദു ഇടുക. അതിൽനിന്ന് 2 പാർശ്വരേഖ വായവ്യനൈരൃതിഭാഗത്തേക്ക് വരച്ച് ,ഈശാനത്തിലെ രണ്ട് ത്രികോണം ആഗ്നേയത്തിലെ 2 ത്രികോണവും സ്പർശിക്കുക. ഇപ്രകാരമുണ്ടാക്കിയ ഡമരുവിന്റെ താഴെവരെ എത്തണം. പിന്നെ പ്രഥമത്രി കോണത്തിന്റെ തിര്യക് രേഖ വായവ്യനൈരൃതികൾ വരെയുള്ള ഡമരുവരെ ചെന്ന് അല്പാല്പം നീട്ടി 2 പാർശ്വരേഖകളെ തമ്മില് യോജിപ്പിക്കുക. പിന്നീട് ബഹിർദ്ദശാരചക്രത്തിന്റെ പ്രഥമശിവത്രികോണത്തിന്റെ 2 പാർശ്വരേഖകളെ വായവ്യനൈരൃതികളിലേക്ക് നീട്ടുക. മൂന്നാമത്തെ ശിവത്രികോണത്തിന്റെ തിര്യക് രേഖയുടെ 2 അറ്റം കുറേശ്ശെയായി വലുതാക്കി പാർശ്വരേഖകളോട് യോജിപ്പിച്ചശേഷം മൂന്നാംശിവത്രികോണത്തിന്റെ 2 പാർശ്വരേഖകളെ വായവ്യനൈരൃതികളിലേക്ക് നീട്ടുക. പ്രഥമശക്തിത്രികോണത്തിന്റെ പശ്ചിമകോണത്തെ തൊട്ട ഒരു തിര്യക് രേഖ വായവ്യത്തിൽനിന്ന് നിരൃതിയിലേക്ക് വരച്ച് അതിനെ സ്പർശിക്കുക. ഇപ്രകാരം ബഹിർദശാരചക്രത്തിന്റെ പ്രഥമശക്തി ത്രികോണത്തിന്റെ പശ്ചിമകോണത്തിന്റെ 6 അംശം താഴെ ബിന്ദു ഇടുക.ആ ബിന്ദുവിൽനിന്ന് 2 പാർശ്വരേഖ ഈശാനആഗ്നേയകോണുകളിലേക്ക് വരച്ച് വായവ്യത്തിലെ 2 ത്രികോണങ്ങളുടെ കോണങ്ങളെ സ്പർശിക്കുമാറ്, ബഹിർദശാരത്തിന്റെ ഡമരുവിന്റെ ഊർദ്ധ്വഭാഗംവരെ പോവുക. പ്രഥമശക്തിത്രി കോണത്തിന്റെ തിര്യക് രേഖയുടെ രണ്ടുവശവും അല്പാല്പം വലുതാക്കി, പാർശ്വരേഖകളെ തൊടുക.

പ്രഥമശക്തിത്രികോണത്തിന്റെ 2 പാർശ്വരേഖകളെ ഡമരുവിന്റെ ഉപരിഭാഗം വരെ പോകുന്നവയെ,ഈശാനആഗ്നേയങ്ങളിലേക്കുകുറേശ്ശെ വലുതാക്കുക. നാലാംശക്തിത്രികോണത്തിന്റെ തിര്യക് രേഖയുടെ ഇരുവശങ്ങളേയും ഈശാനആഗ്നേയങ്ങളിലേക്ക് വലുതാക്കി അവയെ സ്പർശിക്കുക. ചതുർത്ഥശക്തിത്രികോണത്തിന്റെ രണ്ടുപാർശ്വരേഖകളെ ഈശാനആഗ്നേയങ്ങളിലേക്ക് കുറേശ്ശെ വലുതാക്കി നീട്ടുക. പ്രഥമശിവത്രികോണത്തിന്റെ പൂർവ്വകോണത്തെ തൊട്ട് ഒരു തിര്യക് രേഖ ഈശാനംമുതൽ ആഗ്നേയം വരം വരച്ച് അതിനെ സ്പർശിക്കുക. ഇപ്രകാരം ചതുർദ്ദശാരചക്രം നിർമ്മിക്കുന്നു. അതിനു

പുറത്ത് വൃത്തം വരക്കുക. അത് പ്രഥമശിവത്രികോണത്തിന്റെ പൂർവ്വകോണും പ്രഥമശക്തിത്രികോണത്തിന്റെ പശ്ചിമകോണും ,രണ്ടു ഡമരുവിന്റേയും ഈര ണ്ടുകോണും സ്പർശിക്കുന്നു.


ചിത്രം 6


ചിത്രം 7


ചിത്രം 8

വൃത്തത്തിന്റെ മുകളിലും താഴെയും സമാനദൂരത്തില് മറ്റൊരു വൃത്തം ,പിന്നെ രണ്ടാമതും ഒരു വൃത്തം വരക്കുക.ഈ രണ്ടെണ്ണത്തിനും മദ്ധ്യത്തിൽ 8 ഭാഗമാ

ക്കി, അഷ്ടദളപത്മം രചിക്കുക. നാലുദിശയിലുമുള്ള ദലങ്ങളുടെ മുഖം ഭൂപുരത്തിന്റെ മദ്ധ്യദ്വാരത്തെ അഭിമുഖീകരിക്കണമെന്നത് ശ്രദ്ധിക്കുക.മുകളിലെ വൃത്തത്തിന്റെ സമാനദൂരത്തിൽ മറ്റൊരു(മൂന്നാമത്തെ) വൃത്തം വരച്ച്, അതിനു പുറത്ത് മറ്റൊരു വൃത്തം. അതിനെ 16 സമഭാഗമാക്കി ഷോഡശദളപത്മം. ഇവിടെയും പത്മദളം ഭൂപുരമദ്ധ്യദ്വാരത്തിന് അഭിമുഖമായിരിക്കണം.ഒടുവിൽ ഏറ്റവും പുറത്ത് നന്നാലംശം മുകളിലും താഴെയും എല്ലാവശത്തും സമദൂരമായി, 4 ദ്വാരങ്ങളോടുകൂടിയ രേഖകള് ഉള്ള ഭൂപുരം വരക്കുക. ഇപ്രകാരം ശ്രീചക്രം പൂർണ്ണമാകുന്നു പൂർണ്ണമായ ശ്രീചക്രത്തില് 72 അംശം ഉണ്ട്.

| വൃത്തത്തിനുമുകളിലും താഴെയും | മുകളിൽഅംശം | താഴം അംശം |
|---|---|---|
| നാല്,ആറ് തിര്യക് രേഖ | അഞ്ചര | അഞ്ചര |
| മൂന്ന്.എട്ട് തിര്യക് രേഖ | മൂന്ന് | മൂന്ന് |
| രണ്ട്.എട്ട് തിര്യക് രേഖ | മൂന്ന് | മൂന്ന് |
| ഒന്ന് ,ഒമ്പത് തിര്യക് രേഖ | അഞ്ച് | അഞ്ച് |
| ഏറ്റവും ഉപരിയും താഴെയും ശിവശക്തി ത്രികോണങ്ങൾ | ആറ് | ആറ് |
| അഷ്ടദളപത്മം | നാലര | നാലര |
| ഷോഡശദളപത്മം | അഞ്ച് | അഞ്ച് |
| ഭൂപുരം | നാല് | നാല് |
| ആകെ | മുപ്പത്തിആറ് | മുപ്പത്തിആറ് |
| | | |



ചിത്രം9.

41, മദ്ധ്യേ ദ്വിതീയം സ്ഥിത്വാ സംഹാരം പഞ്ചമംചയത്

ഏവമേതൻമഹാചക്രം മഹാശ്രീത്രിപുരാമയം

42. ക്ലേദനം ദ്രാവണം ചൈവ ക്ഷോഭണം മോഹനം തഥാ

ആകർഷണം മഹാദേവീ ജംഭനം സ്തംഭനം തഥാ

ഇതിനെ മഹാശ്രീചക്രമെന്ന് പറയുന്നു. ഈ മഹാശ്രീചക്രത്തിൽ 4 ഊർദ്ധ്വ മുഖത്രികോണവും 5 അധോമുഖത്രികോണ വുമുണ്ട്. ഈ മഹാചക്രം മഹാത്രിപുരസുന്ദരീമയമാണ്.ദേവീസ്വരൂപമാണ്. ഇതുകൊണ്ട് ക്ലേദനം,ദ്രാവണം, ക്ഷോ

ഭണം,മോഹനം,ആകർഷണം,ജംഭനം,സ്തംഭനം മുതലായി അനേകക്രിയകൾ ചെയ്യാൻ കഴിയും.

43. വ്യാധിദാരിദ്ര്യശമനം സർവ്വദുർന്നീതിനാശനം

ശാന്തിപുഷ്ടിധനാരോഗ്യമന്ത്രസിദ്ധികരം പരം

ഇതിനെ പൂജിക്കുന്നതുകൊണ്ട് സർവ്വരോഗവും ദാരിദ്ര്യവും നശിക്കുന്നു. എല്ലാ കഷ്ടസ്ഥിതികളുടേയും വിനാശം സംഭവിക്കുന്നു.മനസ്സിന് ശാന്തി,ശരീരത്തിന് പുഷ്ടി,ആരോഗ്യം ഇവ ലഭിക്കുന്നു. എല്ലാ മന്ത്രസിദ്ധിയും ലഭിക്കുന്നു.

44. ഭോഗദം മോക്ഷദംചൈവ ഖേചരത്വപ്രവർത്തകം

സർവ്വരക്ഷാകരം ദേവീ സർവ്വാനന്ദകരം തഥാ

സംസാരസുഖം(ഭോഗം),മോക്ഷം ,ജന്മമൃത്യുക്കളിൽനിന്ന് മോചനം, ആകാശഗമനക്ഷമത എന്നിവ പ്രാപ്തമാക്കുന്നു. സർവ്വപ്രകാരവും രക്ഷ ലഭിക്കുന്നു. സർവ്വപ്രകാരവും ആനന്ദദായകമായ സുഖം ലഭിക്കുന്നു.

45. സർവ്വകർമ്മകരം ചാപി സർവ്വകാര്യാർത്ഥസാധകം

സർവ്വാവേശകരം ദേവീ സർവ്വവേധകരം പുനഃ

ശ്രീചക്രാർച്ചനകൊണ്ട് സർവ്വകാര്യസിദ്ധി ലഭിക്കുന്നു. സർവ്വകർമ്മവും സാർത്ഥകമാവുന്നു.സർവ്വപ്രകാരമായ ആവേശവും (ദേവാവേശം, പ്രേതാവേശം)ലഭിക്കുന്നു. സർവ്വപ്രകാരമായ വേധവും ഉണ്ടാവുന്നു.

46. സർവ്വതത്വകരം ദേവീ സർവ്വജ്ഞാനനിലയം തഥാ

സർവ്വസിദ്ധിസംയുതം ചൈവ സർവ്വശ്രേയകരം പരം

ഇതിന്റെ പൂജനത്താൽ സർവ്വതത്വപ്രാപ്തി ലഭിക്കുന്നു. ഇത് സർവ്വജ്ഞാനനിലയമാണ്.. ഇതിൽ അണിമാദിസർവ്വസിദ്ധിയും പ്രാപ്തമാണ്. സർവ്വശ്രേയസ്കരവും പരമവുമായ സർവ്വോത്തമമായ സർവ്വകാര്യവും ഇതിനാല് ചെയ്യപ്പെടുന്നു.

47. സർവ്വമന്ത്രമയം ദേവീ സർവ്വതീർത്ഥമയം പുനഃ

സർവ്വവ്രതമയം ചൈവ സർവ്വാമൃതമയം തഥാ

ഇത് സർവ്വമന്ത്രമയമാണ്. ഇവിടെ സർവ്വതീർത്ഥങ്ങളും സന്നിഹിതമാണ്. ഇതിനെ അർച്ചിച്ചാല് സർവ്വവ്രതാനുഷ്ഠാനഫലവും ലഭിക്കും. സർവ്വവ്രതമയ മാണ്.സർവ്വാമൃതങ്ങളും ഈ ശ്രീചക്രത്തിലാണ് നിവസിക്കുന്നത്.

48. സർവ്വദുഃഖപ്രശമനം സർവ്വശോകനിവാരണം

സർവ്വോന്മാദകരം ദേവീ സർവ്വയോഗീശ്വരീമയം

ശ്രീചക്രപൂജ സർവ്വദുഃഖവും നശിപ്പിക്കുന്നു. സർവ്വശോകങ്ങൾക്കും നിവാരണ മുണ്ടാക്കുന്നു.ഇതിന് സർവ്വ ഉന്മാദവും തരാനാവും. ഇത് സർവ്വ യോഗീശ്വരി കളുടേയും നിലയനമാണ്.

49.സർവ്വപീഠമയം ദേവീ സർവ്വജ്ഞാനമയം പ്രിയേ

സർവ്വദേവമയം ദേവീ സർവ്വാഹ്ലാദനകാരകം

ഇതിൽ സർവ്വശക്തിപീഠവുമുണ്ട്. സർവ്വജ്ഞാനവും തരാന് ഇതിന് സാധി ക്കും. ഇത് സർവ്വദേവസ്വരൂപമാണ്. സർവ്വാഹ്ലാദവും തരുന്നതാണ്.

50.സർവ്വദൌർഭാഗ്യശമനം സർവ്വവിഘ്നനിവാരണം

സർവ്വസിദ്ധികരം ചക്രം സർവ്വാശാപരിപൂരകം

എല്ലാ ദൌർഭാഗ്യങ്ങളേയും ശമിപ്പിക്കുന്നതും എല്ലാ വിഘ്നങ്ങളേയും നശിപ്പി ക്കുന്നതും സർവ്വസിദ്ധികളും തരുന്നതും സർവ്വാശകളേയും പൂരിപ്പിക്കുന്നതു മാണ് ശ്രീചക്രം.

51. രൌദ്രാഭിചാരകോച്ചണ്ഡം പരമന്ത്രൌഘഭക്ഷകം

പരസിദ്ധ്യാകർഷണം ച പരാജ്ഞാകർഷണം തഥാ

ശത്രുക്കളുടെ രൌദ്രം,ആഭിചാരകം,ഉച്ചണ്ഡം മുതലായ ക്രിയകളേയും മന്ത്ര സമൂഹങ്ങളേയും ഇത് വിഴുങ്ങിക്കളയുന്നു.(നശിപ്പിക്കുന്നു)മറ്റുള്ളവരുടെ സിദ്ധി കളേയും പരമമായ ജ്ഞാനത്തേയും കൂടി ശ്രീചക്രം തന്റെ സാധകനിലേക്ക് ആകർഷിക്കുന്നു, സാധകന് പ്രാപ്തമാക്കുന്നു.

52. പരസൈന്യസ്തംഭകരം പരവിജ്ഞാനഗേഹനം

പരവക്ത്രസ്തംഭകരം ച ശസ്ത്രസ്തംഭകരം പരം

പരസൈന്യത്തെ സ്തംഭിപ്പിക്കുന്നതും പരവിജ്ഞാനത്തെ മോഹിപ്പിക്കുന്നതും ശത്രുമുഖത്തെ സ്തംഭിപ്പിക്കുന്നതും ശസ്ത്രത്തെ സ്തംഭിപ്പിക്കുന്നതുമാണ്.

53. മഹാചമത്കാരകരം മഹാമുക്തിപ്രവർത്തകം

മഹാവശ്യകരം ദേവീ മഹാസൌഭാഗ്യദായകം

ആശ്ചര്യകരമായ എല്ലാ കാര്യങ്ങളും പ്രവർത്തിക്കുന്നതും സംസാരഭോഗങ്ങ ളെയെല്ലാം തരുന്നതും വശീകരണശക്തിയുള്ളതും മഹാസൌഭാഗ്യം തരുന്ന തുമാണ്.

54. മഹാജ്വരഹരം ദേവീ മഹാവിഷഹരം പരം

മഹാമൃത്യുപ്രശമനം മഹാഭയവിനാശനം

മഹാജ്വരങ്ങളെപ്പോലും നശിപ്പിക്കുന്നതും മഹാവിഷത്തെപ്പോലും തീർക്കുന്നതും മഹാമൃത്യുപ്രശമനവും മഹാഭയത്തെ നശിപ്പിക്കുന്നതുമാണ്.

55.മഹാപുരക്ഷോഭകരം മഹാസുഖശുഭപ്രദം

മഹാലക്ഷ്മിമയം ദേവീ മഹാമംഗല്യദായകം

മഹാനഗരങ്ങളെ പ്രക്ഷോഭിപ്പിക്കാനും മഹാസുഖങ്ങളും ശുഭവും തരാനും മഹാമംഗല്യം തരാനും മഹാലക്ഷ്മിമയമായ ഈ ചക്രത്തിന് സാധിക്കും.

56. മഹാപ്രഭവസംയുക്തം മഹാപാതകനാശനം

ഏവമേതസ്യ ചക്രസ്യ പ്രഭാവോ വർണ്ണിതം മയാ

57. ന ശക്യതേ മഹാദേവീ കല്പകോടിശതൈരപി

തദ്വാദ്വഗതം പത്മമഷ്ടപത്രം സമാലിഖേത്

58. തദ്വാഹ്യതോപി ദേവേശി ഷോഡശാരം തഥൈവ ച

പരിവേശസമായുക്തം ചതുർദ്വാരോപശോഭിതം

ഇത് വളരെ പ്രഭാവമുള്ളതും മഹാപാതകങ്ങളെ നശിപ്പിക്കുന്നതുമാണ്. ഇതിന്റെ പ്രഭാവങ്ങളെ വർണ്ണിക്കാനുള്ള സാമർത്ഥ്യം എനിക്കില്ല. കോടികല്പങ്ങളെക്കൊണ്ടുപോലും ഇതിന്റെ മഹിമ വർണ്ണിക്കാവതല്ല. ഹേ,മഹാദേവി, ശ്രീചക്രനിർമ്മാണം (ശ്ലോകം 40 വരെ) ചതുർദ്ദശാരം വരെ ചെയ്ത ശേഷം പുറത്ത് അഷ്ടദളപത്മം വരക്കണം. അതിനുപുറത്ത് ഷോഡശദളപത്മം ഉണ്ടാക്കണം. അതിനും പുറത്ത് നാലു ദ്വാരം(വാതിൽ)ഉള്ള മൂന്നു ഭൂപുരരേഖകളെ വരക്കുക.( ഇതിന്റെ വർണ്ണന നേരത്തേ ചെയ്തു)

59.സംസ്ഥിതാത്ര മഹാചക്രേ മഹാത്രിപുരസുന്ദരീ

ശൃണുദേവി യഥാസാതു പൂജ്യതേ സാധകോത്തമൈഃ

60.വർഗ്ഗാനുക്രമയോഗേന ദേവതാഷ്ടകസംയുതം

അവർഗ്ഗഃപ്രഥമോ ദേവി വശിനി തത്ര ദേവതാ

ഈ മഹാചക്രത്തിൽ മഹാത്രിപുരസുന്ദരി സ്ഥിതി ചെയ്യുന്നു.ദേവീ,കേട്ടാലും. എപ്രകാരമാണ് ഇതിനെ പൂജിക്കുന്നതെന്ന് പറയാം. വർഗ്ഗാനുക്രമയോഗത്തിൽ അഷ്ടദേവതാസംയുക്തമായ മഹാചക്രത്തില് സാധകോത്തമര് പൂജ ചെയ്യുന്നു. ആദ്യവർഗ്ഗം അവർഗ്ഗം. അ,ആ,ഇ,ഈ മുതലായ സ്വരങ്ങൾ. ഈ വർഗ്ഗത്തിന്റെ ദേവത വശിനി എന്ന വാഗ്ദേവതയാണ്.

61. തത് പരസ്തു കവർഗ്ഗോയസ്തത്ര കാമേശ്വരീ സ്ഥിതാ

മോദിനീ തു ചവർഗ്ഗസ്ഥാ ടവർഗ്ഗേ വിമലാ സ്മൃതാ

രണ്ടാമത്തേത് കവർഗ്ഗം. കഖഗഘങ എന്നീ വർണ്ണങ്ങൾ. ഈ വർഗ്ഗത്തില് ദേവതയായി കാമേശ്വരി സ്ഥിതിചെയ്യുന്നു. മൂന്നാമത്തേത് ചവർഗ്ഗം. ചഛജ ഝഞ. മോദിനി ദേവത. നാലാമത്തേത് ടവർഗ്ഗം. ടഠഡഢണ. വിമല ദേവത.

62. അരുണാത്ര തവർഗ്ഗസ്ഥാ പവർഗ്ഗേ ജയിനീ തഥാ

സർവ്വേശ്വരീ യവർഗ്ഗേത്ര ശവർഗ്ഗേ കൌലിനീതി ച

അഞ്ചാംവർഗ്ഗം തവർഗ്ഗം. തഥദധന.  ദേവത അരുണ. ആറാം വർഗ്ഗം പവ ർഗ്ഗം. പഫബഭമ.  ദേവത ജയിനി . ഏഴാം വർഗ്ഗം യവർഗ്ഗം. യരലവ. ദേവത സർവ്വേശ്വരി. എട്ടാംവർഗ്ഗം ശവർഗ്ഗം. ശഷസഹക്ഷ. ദേവത കൌലിനി..

63.ഏതാവർഗ്ഗാഷ്ടകേ ദേവീ അഷ്ടാവേവഹിദേവതാഃ

അർച്ചിതാഃ പുരുഷസ്യാശു പ്രകുർവ്വന്തി വശം ജഗത്

അഷ്ടവർഗ്ഗങ്ങൾക്ക് അഷ്ടവാഗ്ദേവതകളാണ് ദേവത. അവരെ പൂജിക്കുന്ന മനുഷ്യർക്ക് സർവ്വസംസാരപ്രപഞ്ചവും വശത്താവുന്നു.(ഭാഷയുടെ പ്രാധാ ന്യം)

| വർഗ്ഗം | അക്ഷരവർണ്ണം | ദേവത |
|---|---|---|
| 1. അവർഗ്ഗം | 16 സ്വരവും | വശിനി |
| 2. കവർഗ്ഗം | കഖഗഘങ | കാമേശ്വരി |
| 3. ചവർഗ്ഗം | ചഛജഝഞ | മോദിനി |
| 4. ടവർഗ്ഗം | ടഠഡഢണ | വിമല |
| 5. തവർഗ്ഗം | തഥദധന | അരുണ |
| 6. പവർഗ്ഗം | പഫബഭമ | ജയിനി |
| 7. യവർഗ്ഗം | യരലവ | സർവ്വേശ്വരി |
| 8. ശവർഗ്ഗം | ശഷസഹക്ഷ | കൌലിനി |

64.ഉദ്ധരേത് പ്രഥമം രേഫം തദധഃകുടിലാത്മകം

തദപ്യവനിബീജസ്ഥം ഷഷ്ഠസ്വരസമന്വിതം

65. ഊർദ്ധ്വമർദ്ധേന്ദുബിന്ദ്വാഢ്യം കാരയേത് പരമേശ്വരി

ഏതത്തുവശിനീബീജംയോഗിനീനാം മുഖേ സ്ഥിതം

ആദ്യം രേഫം ഉദ്ധരിക്കുക. .പിന്നീട് ബ്,ല്, എന്നിവയോടെ ആറാംസ്വരമായ ഊ എഴുതി,അതിനുമുകളിൽ അർദ്ധചന്ദ്രബിന്ദു എഴുതുക. ഇതാണ് യോഗിനിയുടെ മുഖത്തിൽ സ്ഥിതി ചെയ്യുന്ന വശിനീബീജമായ ബ്ലൂം.

66.ദ്വിതീയവർഗ്ഗാപ്രഥമമൌദ്രാത്രുഢം മഹേശ്വരി

അധസ്താന്നാഭസം ബീജമാഗ്നേയസ്ഥം സമുദ്ധരേത്.

67.ചതുർത്ഥസ്വരസംയുക്തം ബിന്ദുഖണ്ഡേന്ദ്വലങ്കൃതം

ഏതത് കാമേശ്വരീബീജം ത്രൈലോക്യക്ഷോഭകാരകം

രണ്ടാമത്തെ വർഗ്ഗം കവർഗ്ഗം. ഇതിലെ ആദ്യാക്ഷരമായ ക, ഇന്ദ്രബീജമായ ലയോട് ചേർത്ത് എഴുതുക. ഇതിനോട് നാഭസബീജമായ ഹ, അഗ്നിബീജമായ ര ഇവ ചേർക്കുക.ഇവയോട് നാലാമത്തെ സ്വരമായ ഈ ചേർത്തെഴുതുക. ചന്ദ്രബിന്ദു ഇടുക. ഇപ്പോൾ ത്രൈലോക്യക്ഷോഭകരമായ കാമേശ്വരീബീജം ക്ലീം.(ക്,ല്,ഹ്,ര്,ഈം – ക്ല്ഹ്രീം)ലഭിക്കുന്നു.

68. അരുണാപഞ്ചമസ്യാധോ വാരുണം വിനിയോജയേത്

തദധോപീന്ദ്രബീജം തു സർവ്വോർദ്ധ്വമിപരം പ്രിയേ

69. ഏതത്ത മോദിനീബീജം സർവ്വസത്വവശങ്കരം

വായവ്യമിന്ദ്രബീജസ്ഥം ഷഷ്ഠസ്വരസമന്വിതം

70. അർദ്ധേന്ദുമസ്തകാക്രാന്തം ബിന്ദുനാപരിഭൂഷിതം

ഏതത്തേ കഥിതം ദേവി വിമലാബീജമുത്തമം

71. സർവ്വപാപക്ഷയകരം സർവ്വോപദ്രവനാശനം

ജകാരം കാലമാത്രാഢ്യം തദധോജ്വലനാക്ഷരം

72. ചതുർത്ഥസ്വരസംഭിന്നം ബിന്ദുനാദസമന്വിതം

ഏതത്തദരുണാബീജമരുണം സർവ്വമോഹനം

തവർഗ്ഗത്തിന്റെ 5ആം അക്ഷരമായ ന എഴുതുക. ഇതിനോട് വരുണബീജ മായ ബ ചേർക്കുക. പിന്നെ ഇന്ദ്രബീജമായ ല, ഈ,ബിന്ദു ഇവ ചേർക്കുക. ഇപ്രകാരം സർവ്വതത്വത്തേയും വശീകരിക്കുന്ന മോദിനീബീജം ന്ബ്ലീം ഉണ്ടാ വുന്നു. വായുബീജമായ യ, ഇന്ദ്രബീജമായ ല, ആറാംസ്വരം ഊ. ബിന്ദു ഇവ ചേർന്നാൽ,വിമലാബീജമായ യ്ളൂം.ഇത് സർവ്വപാപവിനാശകവും സർവ്വോ പദ്രവനാശകവും ആണ്.ജ എന്ന അക്ഷരത്തോട് കാലമായ മ,അഗ്നിയായ ര,നാലാംസ്വരം ഈ ,ബിന്ദു ഇവ ചേർന്നത് അരുണാബീജമായ ജ്മ്രീം.ഇത് സർവ്വതോമോഹനമാണ്.

73. ശിവബീജം തദാദിസ്ഥമധസ്താദൈന്ദ്രവാരുണൈ

വായവ്യമുപരോദ്ഭിന്നം സംയോജ്യ പരമേശ്വരീ

74. ജയിനീബീജമേവേദം നാദബിന്ദുവിഭൂഷിതം

ഉദ്ധരേ മോദിനീവർഗ്ഗചതുർത്ഥം പരമേശ്വരീ

75.അധഃകാലാഗ്നിവായവ്യാൻ ക്രമേണ വിനിയോജയേത്

ദീർഘായുർബീജസംയുക്താന്യഥാനുക്രമയോഗതഃ

76.ഉപരീശ്വരബിന്ദ്വന്താനേകത്ര സുരസുന്ദരീ

ഏതത് സർവ്വേശ്വരീബീജം സർവ്വത്രൈവാപരാജിതഃ

മോദിനീവർഗ്ഗമായ ചവർഗ്ഗത്തിന്റെ നാലാം അക്ഷരമായ ഝയോട് കാല ബീജമായ മ,അഗ്നിബീജമായ ര, വായുബീജമായ യം,ദീർഘായുബീജമായ ഊം,ബിന്ദു ഇവ ചേർന്നാൽ, ഝ്മ്ര്യൂം. ഇത് സർവ്വേശ്വരീബീജം. സർവ്വത്ര അപരാജിതമാക്കുന്നു സർവ്വേശ്വരീബീജം.

77.കൌലിനീപഞ്ചമേ ദേവീ കാലബീജോപരിസ്ഥിതം

സർവ്വാധസ്താദപി തഥാ ബഹ്നിബീജം നിയോജയേത്

78. ചതുർത്ഥസ്വരസംയുക്തം ബിന്ദ്വിന്ദുസമലങ്കൃതം

ഏതദ്വിജവരം ഭദ്രേ കൌലിനീരൂപമാസ്ഥിതം

കൌലിനിയുടെ അഞ്ചാം അക്ഷരം ക്ഷ. കാലബീജം മ, അഗ്നിബീജം ര, നാലാംസ്വരം ഈ, ബിന്ദു ഇവകൊണ്ട് ക്ഷ്മ്ര്രീം, ഇത് കൌലിനീബീജം. ഇതിൽ കൌലിനി സ്ഥിരമായി വസിക്കുന്നു.

79. ഏതമേതാനി ബീജാനി ക്രമാദഷ്ടൌ മഹേശ്വരീ

കഥിതാനി മഹാദേവി ശൃണു വിദ്യാസ്വരൂപിണിഃ

ഹേ,മഹേശ്വരീ, ഇപ്രകാരം ക്രമത്തിൽ എട്ടുബീജങ്ങളെ ഉദ്ധാരണം ചെയ്യുന്നു. മഹാദേവീ, ഇപ്പോൾ ഞാന് പറയാന് പോകുന്ന ശ്രീവിദ്യയുടെ അംഗവിദ്യാരൂപങ്ങളെ കേട്ടാലും.

80. കരശുദ്ധികരീ വിദ്യാം തഥാംഗന്യാസസംസ്ഥിതാം
ആത്മാസൌഗതാം ചാപി തഥാ ചക്രാസനസ്ഥിതാം

81. സർവ്വമന്ത്രാസനഗതാം സാദ്ധ്യസിദ്ധാസനസ്ഥിതാം
ദേവാവ്യാഹനവിദ്യാപി മൂലവിദ്യാമപി പ്രിയേ
പ്രിയെ, അംഗവിദ്യകളുടെ ഗണിതം ഇപ്രകാരമാണ്. 1.കരശുദ്ധികരം, 2. ഷഡംഗഅംഗന്യാസം.3. ആത്മാസനഗതം. 4. ചക്രാസനസ്ഥിതം 5. സർവ്വമന്ത്രാസനഗതം. 6. .സാദ്ധ്യസിദ്ധാസനഗതം. 7. ദേവീആവാഹന വിദ്യ 8. മൂലവിദ്യ.

82. വാഗ്ഭവം പ്രഥമം ദേവീ കാമരാജം ദ്വിതീയകം
ശാന്താന്തം കാദിസംയുക്തമൈകാരാന്താന്തയോജിതം

83. ഏഷാവിദ്യാമഹേശാനി കരശുദ്ധികരീ സ്മൃതാ
ഏങാമദ്ധ്യഗതം ബീജം വാഗ്വിധാനായകേവലം

84. രുദ്രയാമലതന്ത്രേതു നിർദ്ദിഷ്ടം പരമാക്ഷരം

മാദനം ശക്രസംയുക്തം ചതുർത്ഥസ്വരസംയുതം

85. ഊർദ്ധ്വമർദ്ധേന്ദുബിന്ദ്വാഢ്യം ആദ്യന്തേ തത്പരം പുനഃ

ശാന്താന്തം കാദിസംയുക്തം ഐകാരാന്തയോജിതം

ആദ്യം വാഗ്ഭവം ഐ. രണ്ടാമത് കാമരാജം, ക്ലീം. മൂന്നാമത് ശാന്താന്തം കാദിസംയുക്തം ഐകാരാന്തത്തിന്റെ അന്ത്യത്തിൽ യോജിതം സൌ. ഐംക്ലീം സൌഃ ഇത് കരശുദ്ധീകരിവിദ്യ. രുദ്രയാമളതന്ത്രാനുസാരം ഐം സർവ്വോത്തമമായ അക്ഷരമാണ്. ക്ലീം സൌ ഇവയുമായി ചേർന്നിരിക്കുമ്പോൾ.

എ,ഓ ഇവയുടെ ഇടയിലുള്ളത് ഐം. ഐം കേവലം വാഗ്വിധാനത്തിനുള്ളതാണ് . മാദനം ക, ശക്ര ല, നാലാംസ്വരം ഈ, ബിന്ദു ഇവയുടെ യോഗം ക്ലീം. ഇതിനുമുമ്പ് ഐം,പിന്നിൽ സൌഃ എന്നശക്തിമന്ത്രത്തിന് സർവ്വശ്രേഷ്ഠത്വം പ്രാധാന്യം.

86. ഏഷാ വിദ്യാ മഹാവിദ്യാ യോഗിനീനാം മഹോദയാ

കുലവിദ്യാ മഹേശാനി സർവ്വകാര്യാർത്ഥസാധകീ

ഈ മഹാവിദ്യ സർവ്വവിദ്യകൾക്കും വിദ്യയാണ്. ഇത് യോഗിനികളുടെ മഹോദയത്തിന്(അഭിവ്യക്തി,പ്രത്യക്ഷം,പ്രകടം)കാരണമാണ്. ഹേ, മഹേശാനി, ഇതി കുലവിദ്യയാണ്. ഇതിന്റെ സാധകർക്ക് സർവ്വകാര്യാർത്ഥസാധകമാണ്.

87. അനയാവിദ്യയാ ഗൌരി രക്ഷാമാത്മനി കാരയേത്

ഏതസ്യാ ഏവവിദ്യായാഃ ശിവമായാഗ്നിബിന്ദുമത്

88. ബീജമാദിപദേയുക്ത്വാ കാര്യാത്മാസനരൂപിണീ

പുനർവിദ്യാദ്യമസ്യോർദ്ധ്വമന്തരം തു ശിവാന്വിതം

89. ത്രൈലോക്യമോഹിനീയം സാ വിദ്യാ ചക്രാസനസ്ഥിതാ

പുനരാദ്ധ്യാം മഹാവിദ്യാം ശിവചന്ദ്രസമന്വിതാം

90. കൃത്വാകാമപ്രദാ വിദ്യാ സർവ്വമന്ത്രാസനസ്ഥിതാ

ദേവ്യാത്മാസനവിദ്യായാഃ പൂർവ്വോക്തായാ യഥാക്രമം

91. അന്തദേശേതോയബിന്ദു ശക്രശക്തിരനുക്രമാത്

സംയോജ്യ പരമേശാനി സാകമർദ്ധേന്ദുനാ തതഃ

ഹേ,ഗൌരി, ഇനി ഈ വിദ്യയാൽ ആത്മരക്ഷ ചെയ്യുക. ഈ വിദ്യയുടെ സ്വരൂപം ഇപ്രകാരമാണ്. ശിവം ഹ. അഗ്നി ര. മായ ഈ. ഇവയോട് ബിന്ദു ചേർക്കുക. ഹരീം അഥവാ ഹ്രീം. ഹ്രീം എന്ന ബീജം ആദ്യം.പിന്നീട് ആത്മാസനവിദ്യാബീജം ക്ലീംസൌഃ ഇപ്രകാരം ഹ്രീം ക്ലീം സൌഃ എന്നതാണ് ആത്മരക്ഷാകരിമന്ത്രം. കരശുദ്ധികരവിദ്യക്ക് ആദ്യബീജം ഐം. മദ്ധ്യബീജം ക്ലീം. അന്തിമബീജം സൌഃ ഇതിനോട് ഹ ചേർത്ത് ഹൈം ഹക്ലീം ഹസൌഃ എന്നതാണ് ചക്രാസനവിദ്യ എന്നറിയുന്നത്. ഇത് ത്രൈലോക്യമോഹനമാണ്.ഹൈംഹൈ ക്ലീം ഹസൌഃ കരശുദ്ധികരി വിദ്യയാണ്.ഇത് പ്രത്യേകബീജത്തോടെ ഹസൈ ചേർത്ത് ഹസൈം ഹസ് ക്ലീം ഹസ് സൌഃഎന്ന് സർവ്വമന്ത്രാസനവിദ്യയാകുന്നു. തോയം (ജലം)ബ. ശക്രൻ യ. ശക്തി നാലാം സ്വരം ഈ. ഇവയോട് ബിന്ദുയോഗം ചെയ്താൽ ദേവിയുടെ ആത്മാസനവിദ്യയായ ബ്ലീം.

92. കേവലാക്ഷരഭേദേന സാദ്ധ്യസിദ്ധാസനസ്ഥിതാ
ഹംസസോമരസാരൂരൂഢമാധ്യാമശ്വാസനസ്ഥിതാം

93. സർവ്വാർത്ഥസാധികാവിദ്യാ ദേവ്യാവഹനകർമ്മണി
ഏവമേതാമഹാവിദ്യാ ദേവീ സർവ്വാർത്ഥസിദ്ധിദാഃ

കേവലാക്ഷരഭേദത്താൽ സാദ്ധ്യാസനവിദ്യ നിർമ്മിക്കപ്പെടുന്നു. ഹ്ലീംക്ലീം ബ്ലീം എന്നതാണ് ഈ വിദ്യ. കരശുദ്ധികാരി വിദ്യ ഐംക്ലീം സൌഃഇതിന്റെ പ്രത്യേകാക്ഷരത്തോട് കൂടി ഹംസസോമ( സഎന്ന് അർത്ഥം)ത്തെ ചേർത്ത് അഗ്ന്യാസനവിദ്യ ലഭിക്കുന്നു.ഇപ്രകാരം ഹേ,ദേവി, എല്ലാ മഹാവിദ്യയും സർവ്വാർത്ഥസിദ്ധിദങ്ങളാണ്.

94. മഹാത്രിപുരസുന്ദര്യാം മൂലവിദ്യാം ശ്രുണുപ്രിയേ
മാദനം തദധ്യഃശക്തിസ്തമദ്ധ്യോ ബിന്ദു മാലിനി

95. ഐന്ദ്രമാകാശബീജസ്ഥമധസ്താജ്ജ്വലനാക്ഷരം
മായാബിന്ദ്വീശ്വരയുതാം സർവ്വോപരിനിയോജിതാ

96. അയംസവാഗ്ഭവോദേവീ വാഗീശത്വപ്രവർത്തകഃ
ശിവബീജത്രിധായുക്ത്വാസൃഷ്ടിസ്ഥിതിലയക്രമൈഃ

97. ദ്വായമാധേനരഹിതമാദ്യാദ്യോ മദനാക്ഷരം
പുനഃസ്ഥിതിശിവാധ്യസ്താദിന്ദ്രബീജം നിയോജയേത്
98. തഥാ ലയശിവാധ്യോപി ജ്വലനം ച മഹേശ്വരി
ചതുർത്ഥസ്വരസംയുക്തം ബിന്ദുഖണ്ഡേന്ദ്വലംകൃതം
99. ഏവമേതന്മഹാബീജം കാമരാജം മഹോദയം
മായാബീജം മഹേശാനി മാദനംശക്രസംയുതം
100. ചന്ദ്രബീജം കേവലം തു വിനിയോജ്യ വരാനനേ
ത്വക്ത്വാ സൃഷ്ടിക്രമം ദേവീ പ്രാഗുച്ചാരക്രമേണതു
101. സംഹാരക്രമയോഗേന ശക്തിബീജം സമുദ്ധരേത്
ഏവമേഷാ മഹാവിദ്യാ മഹാത്രിപുരസുന്ദരി
102. സംസ്മൃതൈവ മഹാദേവീ ത്രൈലോക്യവശകാരിണീ
ഏതയൈതസ്യ ചക്രസ്യ സാധകോർച്ചനമാരഭേത്

പ്രിയേ, മഹാത്രിപുരസുന്ദരിയുടെ മൂലവിദ്യയെ ഇനി കേട്ടാലും. മാദനം (കാമബീജം) ക. ശക്തി എ. ബിന്ദുമാലിനി ഈ, ഐന്ദ്രം ല,ആകാശബീജം ഹ, ജ്വലനാക്ഷരം ര, മായ ഈ, ബിന്ദു ഇവയുടെ യോഗംകൊണ്ട് മൂലവിദ്യയുടെ വാഗ്ഭവകൂടം- കഎഐലഹ്രീം ഉണ്ടാവുന്നു.ഈ കൂടം വാഗീശത്വം പ്രദാനം ചെയ്യുന്നു.സമ്യക് പ്രത്യയകാരകമാണ്. ശിവബീജം ഹ. മാദനം ക. ശിവബീജം ഹ. ഇന്ദ്ര ല,ശിവബീജം ഹ, ജ്വലനം ര, നാലാംസ്വരം ഈ. ബിന്ദു ഇവയാൽ കാമരാജകൂടം. ഹകഹകലഹ്രീം .ഇതിന്റെ ഉച്ചാരണം ജഗക്ഷോഭകരമാണ്.കേവലം ചന്ദ്രബീജം സ, മാദനം ക,ശക്ര ല, , മായാബീജ ഹ്ലീം ഇവ ശക്തികൂടമുണ്ടാക്കുന്നു.ഹസകലഹ്രീം. ഇതിന്റെ ജ്ഞാനമാത്രയിൽ സർവ്വപ്രകാരമായ വിഷത്തിന്റെ പ്രഭാവവും നഷ്ടമാകുന്നു. ഇപ്രകാരം പൂർണ്ണമന്ത്രം-

കഎഈലഹ്രീം ഹകഹലഹ്രീം ഹസകലഹ്രീം

മഹാത്രിപുരസുന്ദരിയുടെ മഹാവിദ്യ ഇപ്രകാരമാണ്. ഇതിനെ സ്മരിക്കുന്ന മാത്ര ത്രിലോകവും സാധകന് വശത്താകുന്നു. ഈ വിദ്യയെ സാധകം ചെയ്തുകൊണ്ട് ശ്രീചക്രാർച്ചനക്ക് പ്രാരംഭം കുറിച്ച് സാധന അനുഷ്ഠിക്കണം.

103. കുങ്കുമാരുണദേഹസ്ഥ വസ്ത്രാരുണവിഭൂഷിതഃ
താംബൂലപൂരിതമുഖോ ധൂപാമോദസുഗന്ധിതഃ
104. കർപ്പൂരക്ഷോദദിഗ്ധാംഗോ രക്താഭരണമണ്ഡിതഃ
രക്തപുഷ്പാവൃതോ മൌനീ രക്തഗന്ധാനുലേപനഃ
105. രക്താസ്തരോവവിഷ്ടസ്ഥ ലാക്ഷാരുണഗൃഹേ സ്ഥിതഃ
സർവ്വശൃംഗാരവേഷാഢ്യസ്ത്രീപുരീകൃതവിഗ്രഹഃ
സാധനാസിദ്ധിപ്രാപ്തിക്കുള്ള ദൃഢസങ്കല്പത്തോടെ സ്ഥിരമാനസരായി, സാധകർ മഹാത്രിപുരസുന്ദരീരൂപം ഭാവനയില് ദർശിക്കണം. ഞാനാണ് മഹാത്രിപുരസുന്ദരി എന്ന് ഭാവന ചെയ്യണം. കുങ്കുമനിറമുള്ള അരുണശരീരത്തോടെ ,ചുവന്ന പട്ടുടുത്ത് താംബൂലം കൊണ്ട് മുഖം ചുവപ്പിച്ച്, ധൂപസുഗന്ധത്താൽ ആമോദിച്ച്,കർപ്പൂരലേപം ചെയ്ത്, ചുവന്ന ആഭരണങ്ങൾ ധരിച്ച്,ചുവന്ന പൂക്കളാൽ ആവൃതമായി, മൌനധാരണം ചെയ്ത് (മൌനിയായി) ഹരിചന്ദനാദികളാൽ അനുലേപം ചെയ്ത ശരീരത്തോടെ ചുവന്ന പീഠത്തില് ലാക്ഷപോലെ അരുണവർണ്ണമായ ഗൃഹത്തില് സ്ഥിതി ചെയ്യുന്നവളായി എല്ലാ ശൃംഗാരവേഷങ്ങളോടുംകൂടി ത്രിപുരാകൃതവിഗ്രഹയായി ദേവിയെ ഭാവന ചെയ്യണം.
106. മനസ്സങ്കല്പരക്തോ വാ സാധകഃസ്ഥിരമാനസഃ
ഭൂപ്രദേശേ സമേ ശുദ്ധേ ഗോമയേനോപലേപിതേ
107. പുഷ്പപ്രഭാരസങ്കീർണ്ണേ ധൂപാമോദസുഗന്ധിതേ
സിന്ദൂരരജസാ ദേവീ കുങ്കുമേനാഥവാ പുനഃ
108. ആലിഖേത് പ്രഥമം ചക്രം സമരേഖാമനോരമം
സാത്രികോണശക്ത്യഗ്രം സശ്രീകമതിസുന്ദരം
മനസ്സങ്കല്പത്തിൽ സ്ഥിരമാനസയുക്തനായി സമതലമായ ഭൂമിയില് ശുദ്ധമായ ചാണകം മെഴുകിയ സ്ഥലത്ത് ഇരിക്കണം. അവിടെ പലതരം പൂക്കൾ വിതറണം. ധൂപങ്ങളാൽ സുഗന്ധം പരത്തി ആമോദം വളർത്തണം. സിന്ദൂ ര, കുങ്കുമപ്പൊടികളാല് സമരേഖമായി മനോഹരമായി പ്രഥമചക്രരൂപം എഴുതണം.
ശക്തിത്രികോണ,സമകോണങ്ങൾ,ശക്തികോണിന്റെ അഗ്ര ഭാഗം

സാധകന് അഭിമുഖമായി എഴുതണം. കോണുകൾ സമാനങ്ങളും സുന്ദരങ്ങളുമാവണം.

109. ധ്യാത്വാ പുരത്രയം ദേവീ ബീജത്രയസമന്വിതം
സർവ്വാദ്യവിദ്യയാ ദേവീ കരശുദ്ധിം തു കാരയേത്
ബീജത്രയം- കഎഈലഹ്രീം, ഹകഹലഹ്രീം,ഹസകലഹ്രീം.
ഇവയോട്ടുകൂടിയ പുരത്രയം ധ്യാനിക്കുക. പുരത്രയത്തിൽ, സ്വർഗ്ഗലോകം, ഭൂലോകം,പാതാലലോകം. ശരീരത്തിൽ, ഗുഹ്യ,ഹൃദയ,ഭ്രൂമദ്ധ്യ,വാങ്, മന, കായ,സൂര്യ,ചന്ദ്ര,അഗ്നി,ഇവയുണ്ട്.ഇതിനുശേഷം ഏറ്റവും ആദ്യവിദ്യയായി, കരശുദ്ധിവിദ്യയായി ചെയ്യുക.

110. തത ആത്മാസനം ദധ്യാച്ചക്രാസനമഥേശ്വരി
സർവ്വമന്ത്രാസനം ദേവീ സാദ്ധ്യസിദ്ധാസനം തഥാ
പിന്നെ,ആത്മാസനവിദ്യയാൽ ആത്മാവിന് ആസനം പ്രദാനം ചെയ്യുക. ചക്രാസനവിദ്യയാൽ ബിന്ദുചക്രത്തില് ദേവിക്ക് ആസനം പ്രദാനം ചെയ്യു ക.സർവ്വമന്ത്രാസനമന്ത്രത്താല് സർവ്വമന്ത്രങ്ങൾക്കും ആസനം

കൊടുക്കുക. പിന്നീട് സാദ്ധ്യസിദ്ധാസനവിദ്യയില് സാദ്ധ്യസിദ്ധാസനം പ്രദാനം ചെയ്യുക.

111.തതോ രക്ഷാം പ്രകുർവ്വീതപൂർവ്വോക്തകുലവിദ്യയാ
ഷഡംഗന്യാസയോഗേന നമസ്കാരാദിയുക്തയാ
മുമ്പുപറഞ്ഞ കുലവിദ്യയായ ഐം ക്ലീം സൌ കൊണ്ട് ആത്മരക്ഷ ചെയ്യു ക. ഷഡംഗന്യാസവും നമസ്കാരവും ചെയ്യുക.

112. ശിഖാലലാടഭ്രൂമദ്ധ്യകണ്ഠഹൃന്നാഭിഗോചരേ
ആധാരേപ്യൂഹകം യാവന്ന്യാസമഷ്ടഭിരാചരേത്
ശിഖ,ലലാടം,ഭ്രൂമദ്ധ്യം,കണ്ഠം,ഹൃദയം,നാഭി,ലിംഗം,മൂലാധാരം,എന്നിവിടങ്ങളി ൽ അഷ്ടാംഗന്യാസം ചെയ്യുക. വശിന്യാദിഅഷ്ടബീജങ്ങളാൽ ന്യാസം ചെയ്യണം. പൂർവ്വോക്തബീജമായ ബ്ലൂം ക് ലഹ്രീം ന് ബ്ലീം യല്വൂം ജ് മീം ഹശലബ്യൂം ഝമ്രയൂം,ക്ഷമ്രീം. ഇപ്രകാരം ന്യാസം ചെയ്യണം.
ബ്ലൂം വശിനീവാഗ്ദേവതായൈ നമഃശിഖായ

ക്ല്ഹ്രീം കാമേശ്വരീവാഗ്ദേവതായൈനമഃലലാടേ
ന്ബ്ലീം മോദിനീവാഗ്ദേവതായൈ നമഃ ഭ്രൂമദ്ധ്യേ
യ്ലൂം വിമലാവാഗ്ദേവതായൈ നമഃകണ്ഠേ
ജ്മ്രീം അരുണാവാഗ്ദേവതായൈ നമഃഹൃദയേ
ഹസ് ലബ്യൂം ജയിനീവാഗ്ദേവതായൈനമഃ നാഭിമദ്ധ്യേ
ഝമ്ര്യൂം സർവ്വേശ്വരീവാഗ്ദേവതായൈനമഃ ലിംഗേ
ക്ഷ്മ് മ്രീം കൌലിനീവാഗേദേവതായൈനമഃമൂലാധാരേ
113 മുതല് 131 വരെ മഹാദേവീമഹാത്രിപുരസുന്ദരിയുടെ ധ്യാനമന്ത്രമാണ്.
113.തതഃപത്മനിഭാം ദേവീം ബാലാർക്കകിരണാരുണാ
ജപാകുസുമസങ്കാശാം ദാഡിമീകുസുമോപമാം
114. പത്മരാഗപ്രതീകാശാം  കുങ്കുമോദകസന്നിഭാം
സ്ഫുരന്മുകുടമാണിക്യകിങ്ങിണീജാലമണ്ഡിതാം
115. കാലാലികുലസങ്കാശകുടിലാലകപല്ലവാം
പ്രത്യഗ്രാരുണസങ്കാശ വദനാംബോജമണ്ഡലാം

116. കിഞ്ചിദർദ്ധേന്ദുകുടിലലലാടമൃദുപട്ടികാം
പിനാകധനുരാകാരസുഭ്രുവം പരമേശ്വരീം
117. ആനന്ദമുദിതോല്ലോലലീലാന്ദോലിതലോചനാം
സ്ഫുരന്മയൂഖസംഘാതവിതതസ്വർണ്ണകുണ്ഡലാം
118. സുഗന്ധമണ്ഡലാഭോഗജിതേന്ദ്വമൃതമണ്ഡലാം
വിശ്വകർമ്മാദിനിർമ്മാണസൂത്രവിസ്പഷ്ടനാസികാം
119. താമ്രവിദ്രുമബിംബാഭരക്തോഷ്ഠമമൃതോപമാം
സ്മിതമാധുര്യവിജിതമാധുര്യരസഗോചരാം
120.അനൌപമ്യഗുണോപേതചിബുകോദ്ദേശശോഭിതാം
കംബുഗ്രീവാം വിശാലാക്ഷീം മൃണാളലലിലതൈർഭുജൈഃ
121. രക്തോല്പലസമാകാരസുകുമാരകരാംബുജാം
കരാംബുജനഖദ്യോതവിതാനിതനഭസ്ഥലാം

122. മുക്താഹാരലതോപേതസമുന്നതപയോധരാം
ത്രിവലിവലനായുക്തമദ്ധ്യദേശസുശോഭിതാം
123.ലാവണ്യസരിദാവതാകാരനാഭിവിഭ്രൂഷിതാം
അനർഘരത്നഘടിതകാഞ്ചിയുക്തനിതംബിനീം
124. നിതംബബിംബദ്വിരദരോമരാജ്യപരാങ്കുശാം
കദലിലലിതസ്തംഭസുകുമാരോരുമീശ്വരീം
125. ലാവണ്യകദലീതുല്യജംഘായുഗലമണ്ഡലാം
നമദ്ബ്രഹ്മശിരോരത്നനിർസ്പൃഷ്ടചരണാംബുജാം
126. ശീതാംശുശതസങ്കാശകാന്തിസന്താനഹാസിനീം
ലൌഹിത്യജിതസിന്ദൂരജപാദാഡിമരാഗിണീം
127. രക്തവസ്ത്രപരീധാനാം പാശാങ്കുശകരോദ്ധതാം
രക്തപങ്കനിവിഷ്ടാം തു രത്നാഭരണമണ്ഡിതാം
128.ചതുർഭുജാം ത്രിനയനാം പഞ്ചബാണധനുർദ്ധരാം
കർപ്പൂരശകലോന്മിശ്രതാംബൂലാപൂരിതാനനാം
129.മഹാമൃഗമദോദ്ദാമകുങ്കുമാരുണവിഗ്രഹാം
സർവ്വശൃംഗാരവേഷാഢ്യാം സർവ്വാലങ്കാരഭൂഷിതാം
130. ജഗദാഹ്ലാദജനനീം ജഗദ്രഞ്ജനകാരിണീം
ജഗദാകർഷണകരീം ജഗത്കാരണരൂപിണീം
131. സർവ്വമന്ത്രമയീം ദേവീം സർവ്വസൌഭാഗ്യസുന്ദരീം
സർവ്വലക്ഷ്മിമയീം നിത്യാം പരമാനന്ദനന്ദിതാം

ദേവിയുടെ വർണ്ണം ചെന്താമരപ്പൂപോലെയും ഉദയസൂര്യന്റെ അരുണകിരണം പോലെയും ചെമ്പരത്തിപ്പൂപോലെയും മാതളപ്പൂപോലെയും പത്മരാഗംപോലെയും കുങ്കുമംകലക്കിയ വെള്ളംപോലെയും എന്ന് മാലോപമ. ശിരസ്സിൽ മാണിക്യമുകുടമുണ്ട്. അതിൽ ചെറിയചെറിയ മണികൾകോർത്ത കിങ്ങിണിജാലവും കാണാം. മുടികറുത്ത വണ്ടിൻനിര പോലെ. മുഖമണ്ഡലം ചെന്താമരപ്പൂപോലെ. കുടിലലലാടത്തില് അർദ്ധചന്ദ്രന്റെ മൃദുപട്ടിക. ഭ്രൂകുടിയിൽ പിനാകമെന്ന ധനുസ്സിന്റെ സുന്ദരസ്വരാപം കാണാം. ആനന്ദമുദിതമായ ചഞ്ചലലോലമിഴികളുടെ ആന്ദോലനലീല അതിസുന്ദ

രം. കർണ്ണകുണ്ഡലങ്ങളിലെ സ്വർണ്ണപ്രഭാകിരണം സുന്ദരമായ കവിൾത്ത ടത്തിൽ പ്രതിബിംബിക്കുന്നു. ആ കവിൾത്തടം അമൃതമണ്ഡലത്തെ വെല്ലു ന്നു. വിശ്വകർമ്മാവിന്റെ നിർമ്മാണസൂത്രംപോലെ നാസിക സ്പഷ്ടമാവുന്നു. മുഖത്ത് താംബൂലത്താൽ ചുവന്ന അമൃതോ്ുമമായ ചുണ്ടുകൾ. ആ ചുണ്ടുക ളിലെ മന്ദഹാസമാധുര്യം മധുരരസത്തേക്കാൾ ശ്രേഷ്ഠമാണ്. അനുപമഗുണ യുക്തമായ ചിബുകമണ്ഡലം ശോഭായമാനമാണ്. ശംഖുപോലെ കഴുത്ത്. വലിയ കണ്ണുകൾ. മൃണാളംപോലെ ലളിതമായ കരങ്ങൾ. നീലകമലം പോ ലെ സുകുമാരമായ കരകമലങ്ങൾ. അവയിൽ നഖങ്ങള് ,ആകാശത്തിൽ ശോഭിക്കുന്ന ഖദ്യോതങ്ങളെപ്പോലെ . ഉന്നതസ്തനമണ്ഡലത്തിൽ മുത്തുമാല കൾ. മദ്ധ്യദേശത്തിൽ ത്രിവലി. ലാവണ്യസരിത്തിന്റെ രൂപമായ നാഭി. അമൂല്യരത്നനിർമ്മിതമായ കാഞ്ചി അണിഞ്ഞ നിതംബം. നിതംബബിംബ ത്തിലെ ദ്വിരദരോമരാജിയുടെ കിരണങ്ങൾ . വാഴത്തണ്ടുപോലെയുള്ള തുടകൾ.പ്രണമിക്കുന്ന ദേവന്മാരുടെ ശിരോരത്നംകൊണ്ട് പ്രകാശിക്കുന്ന ചരണകമലം. നൂറുചന്ദ്രന്റെ കാന്തിക്കു സമാനമായ പുഞ്ചിരി.
ലൌഹിത്യത്തെ ജയിക്കുന്ന സിന്ദൂരം. ജപാകുസുമം,മാതളപ്പൂ ഇവയുടെ രാഗം, ചുവന്നപട്ടുടുത്ത ശരീരം,കയ്യിൽ പാശാങ്കുശങ്ങൾ,ചുവന്ന താമരപ്പൂ വിലാണിരിക്കുന്നത്. ചുവന്ന ആഭരണങ്ങളാൽ അലങ്കരിക്കപ്പെട്ടിരിക്കുന്നു . ചതുർഭുജവും ത്രിനയനവും . പഞ്ചബാണവും ധനുസ്സും ധരിച്ചവളാണ്. ക ർപ്പൂരചൂര്ണ്ണം ചേർത്ത താംബൂലപാനത്താല് മുഖം പൂർണ്ണമാണ്. മഹാ മൃഗമദ,കസ്തൂരി,കുങ്കുമസമാനമായ ശ്രീവിഗ്രഹമാണ്. എല്ലാ ശൃംഗാരവേഷ ങ്ങളാലും ആഢ്യയാണ്.എല്ലാ അലങ്കാരങ്ങളാലും ഭൂഷിതയാണ്. ജഗദാ ഹ്ലാദകാരിണിയായ ജനനിയാണ്. സംസാരാനന്ദകാരിണിയാണ്. ജഗദാ കർഷണിയും ജഗദ്കാരണസ്വരൂപിണിയുമാണ്. സർവ്വമന്ത്രമയിയും സ ർവ്വസൌഭാഗ്യവർദ്ധിനിയുമാണ്. സർവ്വലക്ഷ്മിമയിയായ നിത്യ പരമാന ന്ദത്താൽ ആനന്ദിതയാണ്. കൌലികഗ്രന്ഥശ്ലോകാനുസരണം പൂജന വിധി സംക്ഷിപ്തമാണ്. ടീകാകാരൻ ജയരഥന്റെ അഭിപ്രായപ്രകാരം ശ്രീയന്ത്രപൂജനം താഴെ പറയുംപ്രകാരമാണ്. ഇതേവിധി തന്ത്രരാജത്തിലും ശ്രീവിദ്യാർണ്ണവം മുതലായ ഗ്രന്ഥങ്ങളിലും സ്വീകരിച്ചിട്ടുണ്ട്.

132 മഹാത്രിപുരമുദ്രാം തു സ്മൃത്വാവാഹനരൂപയാ
വിദ്യയാവാഹ്യസുഭഗേ നമസ്കാരനിയുക്തയാ
133.പൂർവ്വോക്തയാ സാധകേന്ദ്രോ മഹാത്രിപുരസുന്ദരീം
ചക്രമദ്ധ്യേ തു സംചിന്ത്യ തതഃപൂജനമാരഭേത്

ത്രിഖണ്ഡമുദ്ര കാണിച്ച് മഹാത്രിപുരസുന്ദരീവിദ്യ ക,എ,ഈ,ല,ഹ്രീം –ഹ,ക,ഹ,ല,ഹ്രീം – ഹ,സ,ക,ല,ഹ്രീം കൊണ്ട് ആവാഹനം ചെയ്ത് നമസ്കരിക്കുക. ചക്രമദ്ധ്യത്തിൽ ബിന്ദുചക്രത്തിൽ നേരത്തേ പറഞ്ഞപോലെ ദേവീരൂപം ചിന്തിച്ച് പൂജ ആരംഭിക്കുക.

134.ശിവാഗ്നിബിന്ദവോ ദേവീ ദിനകൃദ് വഹ്നിബിന്ദവഃ
യുഗപത് ക്രമരൂപേണ യോജനീയാ മഹേശ്വരീ
135. മായാർദ്ധേന്ദുസമായുക്തം ബീജയുഗ്മം തദുത്ഥിതം
മഹാലക്ഷ്മീമയം തേനപൂജ്യാസ്തത്രാഷ്ടമാതരഃ

ശിവ ഹ. അഗ്നി ര. മായ ഈ. ബിന്ദു ഹ്രീം. ദിനകൃത് ശ. വഹ്നി ര. മായ ഈ ബിന്ദു ശ്രീം. ഹ്രീംശ്രീം മായാലക്ഷ്മീമയമാണ്. യുഗപദ് ക്രമത്തിൽ ഇവയെ പ്രത്യേകപൂജനമന്ത്രത്തിനുമുമ്പ് എഴുതണം.ആദ്യം ബ്രാഹ്മി മുതലായ അഷ്ടമാതൃകകളെ ഭൂരദ്വാരത്തിലും കോണകളിലും പൂജിക്കുക.

136.ബ്രഹ്മാണി പശ്ചിമദ്വാരേ മാഹേശ്വര്യപിചോത്തരേ
പൂർവ്വേ ചൈവ തഥേന്ദ്രാണി കൌമാരീ ദക്ഷിമേ തഥാ
137.വൈഷ്ണവ്യപി ച വായവ്യേ വാരാഹീമീശദിക് ഗതാം
ചാമുണ്ഡാം ദേവിചാഗ്നേയേ മഹാലക്ഷ്മീം തു നൈരൃതേ

ഒന്നാം ആവരണം- ഹ്രീം ശ്രീം ത്രൈലോക്യമോഹനചക്രായ നമഃ എന്ന് പുഷ്പാഞ്ജലി.ഭൂപുരരേഖമേൽ ക്രമാനുസാരം ഇത് ചെയ്യണം.




ചിത്രം ആദ്യത്തെ ആവരണം

1. ഓം ഹ്രീം ശ്രീം ബ്രാഹ്മീ മാതൃശ്രീപാദുകാം പൂജയാമി നമഃ പശ്ചിമദ്വാരേ
2. ഓം ഹ്രീം ശ്രീം മാഹേശ്വരീ മാതൃശ്രീപാദുകാം പൂജയാമി നമഃഉത്തരദ്വാരേ
3. ഓം ഹ്രീം ശ്രീംഇന്ദ്രാണീ മാതൃശ്രീപാദുകാം പൂജയാമി നമഃപൂർവ്വദ്വാരേ
4. ഓം ഹ്രീം ശ്രീംകൌമാരീ മാതൃശ്രീപാദുകാം പൂജയാമി നമഃദക്ഷിണദ്വാരേ
5. ഓം ഹ്രീം ശ്രീംവൈഷ്ണവീ മാതൃശ്രീപാദുകാം പൂജയാമി നമഃവായവ്യദ്വാരേ
6. ഓം ഹ്രീം ശ്രീംവാരാഹി മാതൃശ്രീപാദുകാം പൂജയാമി നമഃഈശാനദ്വാരേ
7. ഓം ഹ്രീം ശ്രീംചാമുണ്ഡാ മാതൃശ്രീപാദുകാം പൂജയാമി നമഃആഗ്നേയ ദ്വാരേ
8. ഓം ഹ്രീം ശ്രീം മഹാലക്ഷ്മീ മാതൃശ്രീപാദുകാം പൂജയാമി നമഃ നൈരൃതി ദ്വാരേ

ഹ്രീം ശ്രീം ത്രിപുരാചക്രേശ്വരീശ്രീപാദുകാംപൂജയാമിനമഃ

ഹ്രീം ശ്രീം അണിമാദിസിദ്ധിശ്രീപാദുകാം പൂജയാമി നമഃ

സർവ്വം സംക്ഷോഭിണീമുദ്രാശക്തിശ്രീപാദുകാം പൂജയാമി നമഃ
പ്രകടയോഗിനീ മയൂഖായൈപ്രഥമാവരണദേവതാസഹിതായൈ
ശ്രീലലിതാമഹാത്രിപുരസുന്ദരീ പരാഭട്ടാരികായൈ നമഃ

ഇപ്രകാരം യോനിമുദ്ര കൊണ്ട് പ്രണമിക്കുക. പിന്നെ ദ്വിതീയാവരണഷോഡശാരത്തിൽ പൂജ ചെയ്യുക.



